## പതിമൂന്നാം കേരള നിയമസഭ
## (THIRTEENTH KERALA LEGISLATIVE ASSEMBLY)

## വിഷയനിർണ്ണയ സമിതി V
## (SUBJECT COMMITTEE V)

## മരാമത്തും ഗതാഗതവും വാർത്താവിനിമയവും
## (WORKS, TRANSPORT AND COMMUNICATIONS)

# 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

# REPORT OF ACTION TAKEN ON THE FOURTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2014-2015)

2015 ജൂലൈ 1-ാം തീയതി സമർപ്പിച്ചത്
(Presented on 1st July, 2015)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2015

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി V

# (SUBJECT COMMITTEE V)

## മരാമത്തും ഗതാഗതവും വാർത്താവിനിമയവും

## (WORKS, TRANSPORT AND COMMUNICATIONS)

**2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**REPORT OF ACTION TAKEN ON THE FOURTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2014-2015)**

618/2015.

# ഉള്ളടക്കം

പേജ്


| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# വിഷയനിർണ്ണയ സമിതി V

## (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)

## (2013-2016)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്,
പൊതുമരാമത്ത് വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ജോസ് തെറ്റയിൽ

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

ശ്രീമതി കെ. കെ. ലതിക

ശ്രീ. സി. പി. മുഹമ്മദ്

ശ്രീ. കെ. മുരളീധരൻ

ശ്രീ. കെ. രാജു

ശ്രീ. സി. എഫ്. തോമസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

# അവതാരിക

വിഷയനിർണ്ണയ സമിതി V (പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും)-ന്റെ ചെയർമാനായ ഞാൻ, 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമർപ്പിക്കുന്നു.

വിഷയനിർണ്ണയ സമിതി V-ന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 9-6-2014-ന് സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ പൊതുമരാമത്ത്, ഗതാഗതം, തുറമുഖം, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് 2-12-2014, 29-6-2015 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്ത് സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ അനന്തര നടപടിക്കുറിപ്പും, രണ്ടാം ഭാഗത്ത് വകുപ്പിൽ നിന്നും മറുപടി ലഭ്യമാക്കാത്ത ശിപാർശകളും ഉൾപ്പെടുത്തിയിരിക്കുന്നു.

2015 ജൂൺ 29-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

വി. കെ. ഇബ്രാഹിം കുഞ്ഞ്,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി V.*

തിരുവനന്തപുരം,
2015 ജൂൺ 29.

# റിപ്പോർട്ട്

## ഭാഗം 1

## സമിതിയുടെ ശിപാർശകളും അവ സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

### ശിപാർശ

2059-01-051—പൊതുമരാമത്ത്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം

നിയമസഭ, നീതിന്യായ നിർവ്വഹണം, ഇലക്ഷൻ, ഭൂനികുതി, രജിസ്ട്രേഷൻ, വില്പന നികുതി, പോലീസ്, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ ഓഫീസ് കെട്ടിടങ്ങളുടെ ചെറുകിട മരാമത്ത് പണികൾക്കുള്ള തുകയാണ് പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത്. 41.27 ലക്ഷം ച.വിസ്തീർണ്ണം വരുന്ന 6351 ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ടെന്നും, ഓഫീസ് കെട്ടിടങ്ങൾക്കുള്ള ചെറുകിട മരാമത്ത് പണികൾക്കായി 340 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 157 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 150 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

### സ്വീകരിച്ച നടപടി

12/2013 വരെയുള്ള പെൻഡിംഗ് ബില്ലിനുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് മാത്രമേ ലഭിച്ചുള്ളൂ. ആയതിനാൽ സമിതി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

### ശിപാർശ

2059-01-053—പൊതുമരാമത്ത്—ഓഫീസ് കെട്ടിടങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 50.50 കോടി രൂപ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 35.69 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

12/2013 വരെയുള്ള പെൻഡിംഗ് ബില്ലിനുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് മാത്രമേ ലഭിച്ചുള്ളൂ. ആയതിനാൽ സമിതി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

ശിപാർശ

2059-60-051—പൊതുമരാമത്ത്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പന നികുതി എന്നീ വകുപ്പുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും അറ്റകുറ്റ പണികൾക്കുമുള്ള തുക, വി.ഐ.പി. വിസിറ്റിന് ആവശ്യം വരുന്ന തുക, ന്യൂ ഡൽഹിയിലെ കേരള ഹൗസിന്റെ പണികൾ എന്നിവയിലേക്കായി 14.48 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ നിലവിൽ വകയിരുത്തിയിരിക്കുന്ന 6.25 കോടി രൂപ അപര്യാപ്തമാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടതിനാൽ പ്രസ്തുത ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

12/2013 വരെയുള്ള പെൻഡിംഗ് ബില്ലിനുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് മാത്രമേ റിലീസ് ചെയ്തുള്ളൂ. ആയതിനാൽ സമിതി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

ശിപാർശ

2059-60-053—പൊതുമരാമത്ത്—മറ്റ് കെട്ടിടങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പന നികുതി, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 34.24 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

12/2013 വരെയുള്ള പെൻഡിംഗ് ബില്ലുകൾക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് മാത്രമേ റിലീസ് ചെയ്തുള്ളൂ. ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2059-80-003-99—പൊതുമരാമത്ത്—ജനറൽ—ഡിവിഷണൽ അക്കൗണ്ടന്റുമാരുടെ പരിശീലനം വിഹിതം

ഡിവിഷണൽ അക്കൗണ്ടന്റുമാരുടെ പരിശീലനത്തിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ടി തുക പര്യാപ്തമല്ലെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ 1.4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

അധിക തുക ആവശ്യമായി വന്നു.

ശിപാർശ

2059-80-053—പൊതുമരാമത്ത്—ജനറൽ—സംരക്ഷണവും അറ്റകുറ്റപ്പണികളും

കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, വൈദ്യുതി സാമഗ്രികളുടെ സംരക്ഷണം, രാജ്ഭവൻ സജ്ജീകരിക്കലും സംരക്ഷണവും, തിരുവനന്തപുരം നഗരത്തിലുള്ള സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണം, ന്യൂ ഡൽഹിയിലെ കേരളാ ഹൗസിന്റെ പണികൾ എന്നിവ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 32.76 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

12/2013 വരെയുള്ള പെൻഡിംഗ് ബില്ലുകൾക്ക് മാത്രമേ ലെറ്റർ ഓഫ് ക്രെഡിറ്റ് ലഭിച്ചുള്ളൂ. ആയതിനാൽ സമിതി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

ശിപാർശ

3054-01-001-99—റോഡുകളും പാലങ്ങളും—നാഷണൽ ഹൈവേയ്സ്—ഭരണവും നടത്തിപ്പും—ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ

ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ ഓഫീസിലെ വേതനം, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ തുടങ്ങിയ എല്ലാ ചെലവുകളും ഈ ശീർഷകത്തിൽ നിന്നുമാണ്

നിർവ്വഹിക്കുന്നത്. യാത്രാബത്ത ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 368.38 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 311.69 ലക്ഷം രൂപയാണ്. ഇതിൽ സമിതി ശിപാർശ പ്രകാരം അധികമായി തുക ആവശ്യം വന്നില്ല.

ശിപാർശ

3054-01-001-98—റോഡുകളും പാലങ്ങളും—നാഷണൽ ഹൈവേ—ഭരണവും നടത്തിപ്പും—മേൽനോട്ടവും നിർവ്വഹണവും

ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേയുടെ കീഴിലുള്ള സർക്കിൾ ഓഫീസുകൾ, ഡിവിഷണൽ ഓഫീസുകൾ എന്നിവയിലെ ശമ്പളം, ഓഫീസ് ചെലവുകൾ തുടങ്ങിയവ ഈ ശീർഷകത്തിൽ നിന്നാണ് നിർവ്വഹിക്കുന്നത്. നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ വാടകക്കരം ഇനത്തിൽ 10 ലക്ഷം രൂപ അധികമായും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും ഇനത്തിൽ 4.50 ലക്ഷം രൂപ അധികമായും കറന്റ് ചാർജ്ജ്, വെള്ളക്കരം എന്നിവയ്ക്ക് 5 ലക്ഷം രൂപ അധികമായും ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 4968.10 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 4639.53 ലക്ഷം രൂപയാണ്. ഇതിൽ സമിതി ശിപാർശ പ്രകാരം അധികമായി തുക ആവശ്യം വന്നില്ല.

ശിപാർശ

3054-01-800-99—റോഡുകളും പാലങ്ങളും—നാഷണൽ ഹൈവേകൾ—മറ്റ് ചെലവുകൾ—മുനിസിപ്പൽ അതിർത്തിക്കുള്ളിൽവരുന്ന നാഷണൽ ഹൈവേയുടെ സംരക്ഷണം

പ്രസ്തുത ശീർഷകത്തിൽ നിന്നും നിലവിൽ 150 ലക്ഷം രൂപയുടെ ബിൽ കൊടുക്കാനുണ്ടെന്നും ധാരാളം അപകടങ്ങൾ മുനിസിപ്പൽ അതിർത്തിക്കുള്ളിൽവരുന്ന

ഹൈവേകളിൽ ഉണ്ടാകുന്നതിനാൽ കൂടുതൽ പണികൾ ഈ ഭാഗത്ത് ആവശ്യമായി വന്നിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക 5 കോടി രൂപയായി ഉയർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 25 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 48.39 ലക്ഷം രൂപയാണ്. ഇതിൽ 23.39 ലക്ഷം രൂപ സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴിയും/ഉപധനാഭ്യർത്ഥന വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

<u>ശിപാർശ</u>

3054-03-337-99—<u>റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—റോഡുപണികൾ—സാധാരണ അറ്റകുറ്റപ്പണികൾ</u>

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്നും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനും ബിറ്റുമിന്റെ വില നൽകാനും അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 365 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 13500 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 22268.10 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടിവന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴിയും/ഉപധനാഭ്യർത്ഥന വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

<u>ശിപാർശ</u>

3054-03-337-98—<u>റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—റോഡുപണികൾ—ഗതാഗത സൗകര്യങ്ങളുടെ പുതുക്കലുകൾ</u>

പൊതുമരാമത്ത് വകുപ്പിന്റെകീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് ആവശ്യമായ തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക

ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനും ഇപ്പോൾ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ ഈ ശീർഷകത്തിൽ 501.20 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 11880 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 9227.75 ലക്ഷം രൂപയാണ്. അധിക തുക അനുവദിക്കേണ്ടി വന്നില്ല.

<u>ശിപാർശ</u>

3054-03-337-97—<u>റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—റോഡുപണികൾ—ഗതാഗത സൗകര്യങ്ങളുടെ സ്പെഷ്യൽ അറ്റകുറ്റപ്പണികൾ</u>

റോഡുകളുടെ പ്രത്യേക അറ്റകുറ്റപ്പണികൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 200 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 5544 ലക്ഷം രൂപ ആയിരുന്നു. ആകെ 1955.23 ലക്ഷം രൂപയാണ് ചെലവായത്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടി വന്നില്ല.

<u>ശിപാർശ</u>

3054-03-337-96—<u>റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—റോഡുപണികൾ—വെള്ളപ്പൊക്കക്കെടുതികളുടെ അറ്റകുറ്റപ്പണികൾ</u>

പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുകളിലെ വെള്ളപ്പൊക്കക്കെടുതികളുടെ അറ്റകുറ്റപ്പണികൾക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 360.30 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 1870 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 2414.86 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടിവന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗംവഴിയും/ഉപധനാഭ്യർത്ഥന വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

<u>ശിപാർശ</u>

3054-03-337-95—<u>റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—റോഡുപണികൾ—വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്ക്/സ്വാതന്ത്ര്യ ദിനാചരണം എന്നിവ സംബന്ധിച്ച പണികൾ</u>

വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്ക്/സ്വാതന്ത്ര്യ ദിനാചരണം എന്നിവ സംബന്ധിച്ച പണികൾ എന്നിവയ്ക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 15 കോടി രൂപ അധികമായി ധനപുനർ വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 500 ലക്ഷം രൂപ ആയിരുന്നു. ആകെ 67.52 ലക്ഷം രൂപയാണ് ചെലവായത്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടി വന്നില്ല.

<u>ശിപാർശ</u>

3054-03-337-94—<u>റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—റോഡുപണികൾ—നഗരത്തിനുള്ളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക്</u>

തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കൊല്ലം എന്നീ നഗരങ്ങളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 429 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 2547.10 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടിവന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴിയും/ഉപധനാഭ്യർത്ഥന വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

ശിപാർശ

3054-03-337-93—റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—റോഡുപണികൾ—ശബരിമല വർക്കുകൾ

ശബരിമലയിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 140 കോടി രൂപ കൂടി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 1000 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 1774.04 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടിവന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴിയും/ഉപധനാഭ്യർത്ഥന വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

ശിപാർശ

3054-04-105-97—റോഡുകളും പാലങ്ങളും—ജില്ലാതല റോഡുകളും മറ്റു റോഡുകളും സംരക്ഷണവും അറ്റകുറ്റപ്പണികളും—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഏറ്റെടുത്ത റോഡുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഏറ്റെടുത്ത റോഡുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും നടത്തുന്ന പ്രസ്തുത ശീർഷകത്തിൽ തുക ഒന്നുംതന്നെ വകയിരുത്തിയിട്ടില്ല. ഈ ശീർഷകത്തിൽ 100 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ തുകയൊന്നും ചെലവായിട്ടില്ല. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

3054-80-001-99—റോഡുകളും പാലങ്ങളും—ജനറൽ—ഭരണവും നടത്തിപ്പും—നടത്തിപ്പ്

റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. പ്രസ്തുത ശീർഷകത്തിൽ ഓഫീസ് ചെലവിനത്തിൽ വെള്ളക്കരത്തിന് 2,00,000 രൂപയും വൈദ്യുതി ചെലവിന് 11,50,000 രൂപയും ടെലിഫോൺ ചെലവിന് 4,50,000 രൂപയും മറ്റിനങ്ങൾക്ക് 15,00,000 രൂപയും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികൾക്ക് 4,00,000 രൂപയും മറ്റ് ചെലവുകൾ 5,00,000 രൂപയും പി.ഒ.എൽ. ഇനത്തിൽ 6,00,000 രൂപയും അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 1020.69 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 1080.79 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടിവന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴിയും/ഉപധനാഭ്യർത്ഥന വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

ശിപാർശ

3054-80-001-98 —റോഡുകളും പാലങ്ങളും—ജനറൽ—ഭരണവും നടത്തിപ്പും—മേൽനോട്ടം

റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നതിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ ഓഫീസ് ചെലവിനത്തിൽ മറ്റിനങ്ങളിൽ 6,00,000 രൂപയും മോട്ടോർ വാഹനങ്ങൾ, സംരക്ഷണവും അറ്റകുറ്റപ്പണികൾക്ക് 3,00,000 രൂപയും പി.ഒ.എൽ. ഇനത്തിൽ 5,00,000 രൂപയും അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 776.96 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 792.86 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടിവന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴിയും/ഉപധനാഭ്യർത്ഥന വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

ശിപാർശ

3054-80-001-97 —റോഡുകളും പാലങ്ങളും—ജനറൽ —ഭരണവും നടത്തിപ്പും—നിർവ്വഹണം

റോഡുകളും പാലങ്ങളും ചീഫ് എഞ്ചിനീയറുടെയും സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെയും കീഴിലുള്ള 16 ഡിവിഷണൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള 2 മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും 6 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും നിർവ്വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. ഇതിൽ ഓഫീസ് ചെലവിനത്തിൽ വെള്ളക്കരത്തിന് 10,00,000 രൂപയും വൈദ്യുതി ചെലവിന് 15,00,000 രൂപയും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികൾക്ക് 10,00,000 രൂപയും പി.ഒ.എൽ. ഇനത്തിൽ 10,00,000 രൂപയും അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 15791.05 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 12264 ലക്ഷം രൂപയാണ്. ആയതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശിപാർശ

3054-80-004-99—റോഡുകളും പാലങ്ങളും—ജനറൽ —ഗവേഷണവും പരിഷ്കരണവും—കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ചീഫ് എഞ്ചിനീയർ ബ്രിഡ്ജ് ബോർഡിന്റെ കീഴിൽ ഹൈവേകളുടെ ഗവേഷണത്തിനും പരിഷ്കരണത്തിനും വേണ്ടിയുള്ള കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളവും ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. ഇതിൽ ഓഫീസ് ചെലവിനത്തിൽ വെള്ളക്കരത്തിന് 25,000 രൂപയും വൈദ്യുതി ചെലവിന് 50,000 രൂപയും ടെലിഫോൺ ചെലവിന് 25,000 രൂപയും പി.ഒ.എൽ. ഇനത്തിന് 50,000 രൂപയും അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം നോൺ പ്ലാൻ ശീർഷകത്തിൽ 307.93 ലക്ഷം രൂപ ആയിരുന്നു. പ്ലാൻ ശീർഷകത്തിൽ തുകയൊന്നും അനുവദിച്ചിരുന്നില്ല. 224 ലക്ഷം രൂപ നോൺ പ്ലാൻ ശീർഷകത്തിലും 46.53 ലക്ഷം രൂപ പ്ലാൻ ശീർഷകത്തിലും ചെലവായിട്ടുണ്ട്. ഇതിൽ അധികമായി പ്ലാൻ ശീർഷകത്തിൽ വേണ്ടിവന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴിയും/ഉപധനാഭ്യർത്ഥന വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

ശിപാർശ

3054-80-004-98—റോഡുകളും പാലങ്ങളും—ജനറൽ—ഗവേഷണവും പരിഷ്കരണവും—പബ്ലിക് വർക്ക് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആൻഡ് റിസർച്ച് ബോർഡ്

ചീഫ് എഞ്ചിനീയർ ഡ്രിക് ബോർഡിന്റെ ഓഫീസിലെ ജീവനക്കാരുടെ ശമ്പളവും അലവൻസും നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ മോട്ടോർ വാഹനങ്ങൾക്ക് 40,000 രൂപയും, പി. ഒ. എൽ. ഇനത്തിൽ 40,000 രൂപയും, ഓഫീസ് ചെലവിന് 1 ലക്ഷം രൂപയും അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 415.13 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 447.19 ലക്ഷം രൂപയാണ്. ഇതിൽ അധിക്മായി വേണ്ടിവന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴിയും/ഉപധനാഭ്യർത്ഥന വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

ശിപാർശ

3054-80-004-96—റോഡുകളും പാലങ്ങളും—ജനറൽ—ഗവേഷണവും പരിഷ്കരണവും—പുതിയ പദ്ധതികളുടെ പ്രായോഗികക്ഷമതാ പഠനം

പുതുതായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന വിവിധ വികസന പദ്ധതികളെക്കുറിച്ച് വിശദമായ പഠനം നടത്താൻ വേണ്ടിയാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തുന്നത്. പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 500 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 61.23 ലക്ഷം രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടി വന്നില്ല.

<u>ശിപാർശ</u>

3054-80-052-98—<u>റോഡുകളും പാലങ്ങളും—ജനറൽ—യന്ത്രോപകരണങ്ങൾ—വാഹനങ്ങളും അറ്റകുറ്റപ്പണികളും</u>

റോഡുകളും പാലങ്ങളും വിഭാഗത്തിലെ റോഡു റോളറുകൾ തുടങ്ങിയ യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. റോഡ് റോളറുകളുടെ അറ്റകുറ്റപ്പണികൾ കഴിഞ്ഞതിന്റെ പേയ്മെന്റ് നൽകാനും വിവിധ വർക്ക്ഷോപ്പുകളിൽ അറ്റകുറ്റപ്പണി ചെയ്യാൻ കിടക്കുന്ന റോളറുകളുടെ പേയ്മെന്റ് നടത്തുന്നതിനുമായി 25 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 25 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 14.09 ലക്ഷം രൂപയാണ്. ആയതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിക്കേണ്ടി വന്നില്ല.

<u>ശിപാർശ</u>

3054-80-107-97—<u>റോഡുകളും പാലങ്ങളും—ജനറൽ—റെയിൽവേ സുരക്ഷിതത്വ പണികൾ—കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തൽ</u>

കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തുന്നതിന് നൽകേണ്ട കുടിശ്ശിക തുക ഏകദേശം 5 കോടി രൂപയാണ്. നടപ്പുവർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 200 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 144.12 ലക്ഷം രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശിപാർശ

3054-80-800-95—റോഡുകളും പാലങ്ങളും—ജനറൽ—മറ്റ് ചെലവുകൾ റോഡ് സുരക്ഷിതത്വ പണികൾ

റോഡ് സുരക്ഷിതത്വത്തിന്റെ ഭാഗമായി നടപ്പാതകൾ, ട്രാഫിക് ഐലന്റുകൾ, പാർശ്വ ചാലുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിന് തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. കണ്ണൂർ, ചാല ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ റോഡ് സുരക്ഷാ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 71.48 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 352 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 25.59 ലക്ഷം രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശിപാർശ

3054-80-800-94(03)—റോഡുകളും പാലങ്ങളും—ജനറൽ—മറ്റ് ചെലവുകൾ—വാഹന ഗതാഗതത്തിനായി സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനും

വാഹന ഗതാഗതത്തിനായി സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനുമായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 24 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 176 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 42.05 ലക്ഷം രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശിപാർശ

3054-80-800-92—റോഡുകളും പാലങ്ങളും—ജനറൽ—മറ്റ് ചെലവുകൾ കേരള റോഡ് ഫണ്ട്

കേരള റോഡ് ഫണ്ട് ബോർഡ് ആക്ട് പ്രകാരം മുന്നാണ്ടത്തെ സംസ്ഥാന മോട്ടോർ നികുതി വരവിന്റെ 10%-ന് തുല്യമായ തുക ഓരോ വർഷവും കേരള റോഡ് ഫണ്ടിലേക്ക് സർക്കാർ ബഡ്ജറ്റ് വിഹിതമായി നൽകേണ്ടതാണ്. ഈയിനത്തിൽ നിലവിലുള്ള കുടിശ്ശിക തുക ഉൾപ്പെടെ 500 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ ചെലവൊന്നുമുണ്ടായിട്ടില്ല. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശിപാർശ

4059-01-051-99—പൊതുമരാമത്ത് മൂലധനച്ചെലവ്—ഓഫീസ് കെട്ടിടങ്ങൾ —നിർമ്മാണം—സംസ്ഥാന നിയമസഭ

കേരള നിയമസഭയുടെ നവീകരണ പണികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

12/2013 വരെയുള്ള പെൻഡിംഗ് ബില്ലുകൾക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് മാത്രമേ റിലീസ് ചെയ്തുള്ളൂ. ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

4059-01-051-96-16—പൊതുമരാമത്ത് മൂലധനച്ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—ഭൂനികുതി—വൻകിട മരാമത്ത് പണികൾ

ഭൂനികുതി വകുപ്പിലെ പണികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.94 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

12/2013 വരെയുള്ള പെൻഡിംഗ് ബില്ലുകൾക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് മാത്രമേ റിലീസ് ചെയ്തുള്ളൂ. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

4059-01-051-95-16—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—മുദ്രപത്രങ്ങൾ, രജിസ്ട്രേഷൻ—വൻകിട മരാമത്ത് പണികൾ

പ്രസ്തുത ശീർഷകത്തിൽ 4.9620 കോടി രൂപ ആവശ്യപ്പെട്ടിരുന്നവെങ്കിലും 1.9 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 23 രജിസ്ട്രാർ ഓഫീസുകളുടെ കെട്ടിടത്തിന് 9.0969 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും പല പണികളും പുരോഗതിയിലായതിനാലും ഈ ശീർഷകത്തിൽ 3.0620 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

12/2013 വരെയുള്ള പെൻഡിംഗ് ബില്ലുകൾക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് മാത്രമേ റിലീസ് ചെയ്തുള്ളൂ. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

4059-01-051-94-16—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—സ്റ്റേറ്റ് എക്സൈസ്—വൻകിട മരാമത്തു പണികൾ

എറണാകുളം എക്സൈസ് കോംപ്ലക്സ്, കൊട്ടാരക്കര എക്സൈസ് ഓഫീസ് കെട്ടിടം, കഴക്കൂട്ടം, നീലേശ്വരം ഓഫീസുകൾ ഉൾപ്പെടെയുള്ള പല മേജർ പണികളും പൂർത്തിയാക്കേണ്ടതുള്ളതിനാലും തൃശ്ശൂർ അക്കാദമിയുടെ പണി പുരോഗമിക്കുന്നതിനാലും ഈ ശീർഷകത്തിൽ 2.429 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

<u>സ്വീകരിച്ച നടപടി</u>

12/2013 വരെയുള്ള പെൻഡിംഗ് ബില്ലുകൾക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് മാത്രമേ റിലീസ് ചെയ്യുള്ളൂ. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

4059-01-051-93-16—<u>പൊതുമരാമത്ത് മൂലധനച്ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—വിൽപ്പന നികുതി—വൻകിട മരാമത്തു പണികൾ</u>

കണ്ണൂർ, മഞ്ചേശ്വരം, കോട്ടയം എന്നിവിടങ്ങളിൽ വാണിജ്യനികുതി വകുപ്പിന്റെ പുതിയ കെട്ടിടങ്ങളുടെ പണി ഏറ്റെടുക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 1.42 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

<u>സ്വീകരിച്ച നടപടി</u>

12/2013 വരെയുള്ള പെൻഡിംഗ് ബില്ലുകൾക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് മാത്രമേ റിലീസ് ചെയ്യുള്ളൂ. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

4059-01-051-92-16—<u>പൊതുമരാമത്ത് മൂലധനച്ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—പബ്ലിക് സർവ്വീസ് കമ്മീഷൻ—വൻകിട മരാമത്തു പണികൾ</u>

പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിവിധ പണികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഗോൾഡൻ ജൂബിലി കെട്ടിടത്തിന്റെ പണി പുരോഗതിയിലായതിനാലും കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്ന പണികൾ ഏറ്റെടുക്കേണ്ടതിനാലും ഈ ശീർഷകത്തിൽ 3.2 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സ്വീകരിച്ച നടപടി</u>

12/2013 വരെയുള്ള പെൻഡിംഗ് ബില്ലുകൾക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് മാത്രമേ റിലീസ് ചെയ്യുള്ളൂ. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

4059-01-051-91-16—<u>പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—സെക്രട്ടേറിയറ്റ് ജനറൽ സർവ്വീസ്—വൻകിട മരാമത്തുപണികൾ</u>

സെക്രട്ടേറിയറ്റിലെ പുതിയ അനക്സ് കെട്ടിടത്തിന്റെ ജോലികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 13.6685 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

സമിതി ശിപാർശ പ്രകാരം തുക അനുവദിക്കേണ്ടി വന്നില്ല.

ശിപാർശ

4059-01-051-90-16—<u>പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—ട്രഷറിയും അക്കൗണ്ട് ഭരണവും—വൻകിട മരാമത്ത് പണികൾ</u>

ട്രഷറികളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സ്വീകരിച്ച നടപടി

12/2013 വരെയുള്ള പെൻഡിംഗ് ബില്ലുകൾക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് മാത്രമേ റിലീസ് ചെയ്യുള്ളൂ. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

4059-01-051-89-16—<u>പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—പോലീസ്—വൻകിട മരാമത്തുപണികൾ</u>

ജില്ലാ പോലീസ് ഓഫീസുകളുടെയും മറ്റും പണികൾ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. 25 ലക്ഷം രൂപ മതിപ്പുചെലവിൽ തലയോലപ്പറമ്പ്

സ്റ്റേഷന്റെ പണിക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും പല ഓഫീസുകളുടെയും പണി ചെയ്യാനുള്ളതിനാലും ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

<u>സ്വീകരിച്ച നടപടി</u>

12/2013 വരെയുള്ള പെൻഡിംഗ് ബില്ലുകൾക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് മാത്രമേ റിലീസ് ചെയ്തുള്ളൂ. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

4059-01-051-88-16—<u>പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—ജയിൽ—വൻകിട മരാമത്തുപണികൾ</u>

ജയിൽ ഡി.ജി.പി., ഐ.ജി., ഡി.ഐ.ജി. എന്നീ ഓഫീസുകളുടെ നിർമ്മാണത്തിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം അനുവദിച്ച 4 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. പ്രസ്തുത ഓഫീസുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പല പണികളും ചെയ്യാനുള്ളതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടി വന്നില്ല.

4059-01-051-86-16—<u>പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—പൊതുമരാമത്ത് പണികൾ (സിവിൽ ജോലികൾ)—വൻകിട മരാമത്ത് പണികൾ</u>

സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയ മേജർ പണികൾക്കുള്ള അടങ്കലാണിത്. 55 പണികൾക്കായി 160.60 കോടി രൂപയുള്ള ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും പല പണികളും പുരോഗതിയിലായതിനാലും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന ആവശ്യം വന്ന തുക റീ അപ്രോപ്രിയേഷൻ വഴി കണ്ടെത്തി.

4059-01-051-85-16—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—അഗ്നിപ്രതിരോധവും നിയന്ത്രണവും—വൻകിട മരാമത്ത് പണികൾ

വിവിധ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. വിവിധ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത് നടത്തുവാനും പുതിയ ജോലികൾക്കുമായി അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സ്വീകരിച്ച നടപടി

അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധിക ആവശ്യം വന്ന തുക റീ അപ്രോപ്രിയേഷൻ വഴി കണ്ടെത്തി.

ശിപാർശ

4059-01-051-75-16—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—വാണിജ്യനികുതി വകുപ്പ്—വൻകിട മരാമത്ത് പണികൾ

വാണിജ്യവകുപ്പിന്റെ പണികൾക്കായി 50 ലക്ഷം രൂപ പ്ലാൻ ഇനത്തിൽ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സ്വീകരിച്ച നടപടി

അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധിക ആവശ്യം വന്ന തുക റീ അപ്രോപ്രിയേഷൻ വഴി കണ്ടെത്തി.

ശിപാർശ

4059-01-051-72—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—വില്ലേജാഫീസുകളുടെ നിർമ്മാണവും പുനരുദ്ധാരണവും

വില്ലേജാഫീസുകൾക്കുവേണ്ടിയുള്ള ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സ്വീകരിച്ച നടപടി

12/2013 വരെയുള്ള പെൻഡിംഗ് ബില്ലുകൾക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് മാത്രമേ റിലീസ് ചെയ്യുള്ളു. ആയതിനാൽ സമിതി ശിപാർശപ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

4059-01-051-71—പൊതുമരാമത്ത് മൂലധനചെലവ് —ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം മാന്ദ്യ വിരുദ്ധ ഉത്തേജക പാക്കേജിന്റെ കീഴിലുള്ള പദ്ധതികൾ—പൊതുമരാമത്ത് പണികൾ (കെട്ടിടങ്ങൾ)—വൻകിട മരാമത്ത് പണികൾ

മാന്ദ്യ വിരുദ്ധ പാക്കേജിലെ പണികൾ വളരെ പുരോഗതിയിലാണെന്നും ഇതിൽ എല്ലാ വകുപ്പുകളിലേയും കെട്ടിട നിർമ്മാണങ്ങൾ ഉൾപ്പെടുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശചെയ്യുന്നു.

(ഖണ്ഡിക 45)

സ്വീകരിച്ച നടപടി

അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധിക ആവശ്യം വന്ന തുക റീ അപ്രോപ്രിയേഷൻ വഴി കണ്ടെത്തി.

ശിപാർശ

4059-01-051-67—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം സർക്കാരിന്റെ കീഴിലുള്ള പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണം

പൈതൃകകെട്ടിടങ്ങളുടെ സംരക്ഷണത്തിനായി ആരംഭിച്ച ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. 2012-13 സാമ്പത്തിക വർഷത്തെ

ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയ പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണം ഏറ്റെടുക്കുവാൻ ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

<u>സ്വീകരിച്ച നടപടി</u>

12/2013 വരെയുള്ള പെൻഡിംഗ് ബില്ലുകൾക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് മാത്രമേ റിലീസ് ചെയ്യുള്ളൂ. ആയതിനാൽ സമിതി ശിപാർശപ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

4059-60-051-99-16—<u>പൊതുമരാമത്ത് മൂലധനച്ചെലവ്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം—സംസ്ഥാന നിയമസഭ—വൻകിട മരാമത്തുപണികൾ</u>

സംസ്ഥാന നിയമസഭയിലെ പണികൾക്കായി അനുവദിച്ച ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. നിയമസഭാ ഹാളിനകത്തെ ഇലക്ട്രോണിക് സൗണ്ട് സിസ്റ്റം മാറ്റി സ്ഥാപിക്കേണ്ടതിനാൽ 50 ലക്ഷം രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശപ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടി വന്നില്ല.

<u>ശിപാർശ</u>

4059-60-051-88-16—<u>പൊതുമരാമത്ത് മൂലധനച്ചെലവ് —മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം—ജയിൽ—വൻകിട മരാമത്തുപണികൾ</u>

ജയിൽ ഡി.ജി.പി., ഐ.ജി., ഡി.ഐ.ജി., ഓഫീസുകളുടെ നിർമ്മാണം എന്നീ കണക്കിനങ്ങൾ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ തുക ഒന്നും തന്നെ വകയിരുത്തിയിട്ടില്ല. ഭരണാനുമതി ലഭിച്ച പുതിയ പണികൾ ഏറ്റെടുക്കുവാനും കുടിശ്ശിക ബില്ലുകൾ നൽകാനുമായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധിക ആവശ്യം വന്ന തുക റീ അപ്രോപ്രിയേഷൻ വഴി കണ്ടെത്തി.

ശിപാർശ

4059-60-051-86-16—പൊതുമരാമത്ത് മൂലധനചെലവ്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം—പൊതുമരാമത്ത് പണികൾ (സിവിൽ പണികൾ)—വൻകിട മരാമത്തുപണികൾ

സംസ്ഥാനത്ത് വിവിധ റസ്റ്റ് ഹൗസുകളുടേയും മറ്റുകെട്ടിടങ്ങളുടേയും പണികൾക്ക് നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ നടന്നു കൊണ്ടിരിക്കുന്ന പണികൾക്കും ഭരണാനുമതി ലഭിച്ച പുതിയ പണികൾ ഏറ്റെടുക്കുവാനും കുടിശ്ശിക ബില്ലുകൾ നൽകാനുമായി 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സ്വീകരിച്ച നടപടി

അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധിക ആവശ്യം വന്ന തുക റീ അപ്രോപ്രിയേഷൻ വഴി കണ്ടെത്തി.

ശിപാർശ

4059-60-051-85-16—പൊതുമരാമത്ത് മൂലധനചെലവ്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം—അഗ്നിപ്രതിരോധവും നിയന്ത്രണവും—വൻകിട മരാമത്തു പണികൾ

ഫയർ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 7.14 കോടി രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത തുക പര്യാപ്തമല്ല. നടപ്പുപണികൾക്കും പുതിയ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സ്വീകരിച്ച നടപടി

12/2013 വരെയുള്ള പെൻഡിംഗ് ബില്ലുകൾക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് മാത്രമേ റിലീസ് ചെയ്യുള്ളൂ. ആയതിനാൽ സമിതി ശിപാർശപ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

4059-60-051-77-16—പൊതുമരാമത്ത് മൂലധനചെലവ്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം—നിയമസഭാ ഹോസ്റ്റൽ കോമ്പൗണ്ടിൽ നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ളാറ്റ് നിർമ്മാണം

ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 30 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സ്വീകരിച്ച നടപടി

സമിതി ശിപാർശപ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

4059-80-051-79—പൊതുമരാമത്ത് മൂലധനചെലവ് —ജനറൽ—നിർമ്മാണം—ജെൻഡർ ബഡ്ജറ്റിംഗിന് തുടക്കം

ഭരണാനുമതി കൊടുത്ത പണികൾ ചെയ്തു തീർക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സ്വീകരിച്ച നടപടി

സമിതി ശിപാർശപ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

4059-80-051-78-16—പൊതുമരാമത്ത് മൂലധനചെലവ്—ജനറൽ—നിർമ്മാണം സൈനിക സ്കൂൾ—വൻകിട മരാമത്തു പണികൾ

സൈനിക സ്കൂളിനായി പുതുതായി തുടങ്ങിയ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഭരണാനുമതി കിട്ടിയ പണികൾ തുടങ്ങുന്നതിനായി 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സ്വീകരിച്ച നടപടി

12/2013 വരെയുള്ള പെൻഡിംഗ് ബില്ലുകൾക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് മാത്രമേ റിലീസ് ചെയ്യുള്ളൂ. ആയതിനാൽ സമിതി ശിപാർശപ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

5054-01-337—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് —നാഷണൽ ഹൈവേകൾ—നാഷണൽ ഹൈവേ കടന്നു പോകുന്ന വഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈലൈനുകൾ നിർമ്മിക്കുന്നതിന്—റോഡു പണികൾ

നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപപാതകളുടേയും സേവന റോഡുകളുടേയും നിർമ്മാണത്തിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. കുറ്റിപ്പുറം-പുതുപൊന്നാനി റോഡ്, താഴെ ചൊവ്വാഭാഗത്തെ വീതികൂട്ടൽ തുടങ്ങിയവയുടെ പണികൾ പുരോഗതിയിലായതിനാൽ 50 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം ഇല്ലായിരുന്നു. ആകെ ചെലവായത് 3178.40 ലക്ഷം രൂപയാണ്. ഇതിൽ മുഴുവൻ തുകയും സമിതി ശിപാർശ പ്രകാരം അധിക അധികാരപ്പെടുത്തൽ മുഖേനയും റീ അപ്രോപ്രിയേഷൻ വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

ശിപാർശ

5054-01-337-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ്—നാഷണൽ ഹൈവേകൾ—നാഷണൽ ഹൈവേകൾ കടന്നു പോകുന്ന വഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈലൈനുകൾ നിർമ്മിക്കുന്നതിന്—ദേശീയപാതയെ നഗരങ്ങളുമായി ബന്ധിക്കുന്ന ഭാഗത്തിന്റെ വികസനം—വൻകിടമരാമത്തു പണികൾ

നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപ പാതകളുടെയും സേവനറോഡുകളുടേയും നിർമ്മാണത്തിനുമായി തുക വകയിരുത്തുന്ന

ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന പ്രദേശങ്ങളിൽ അപകടങ്ങൾ കൂടുതൽ ഉണ്ടാകുന്നതിനാൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ അനിവാര്യമായതിനാലും കരമന-കളിയിക്കാവിള ദേശീയ പാതയുടെ ഒന്നാംഘട്ടം കരമന-പ്രാവച്ചമ്പലം റോഡ് വികസനത്തിന് 74 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 576.61 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 2853.65 ലക്ഷം രൂപയാണ്. ഇതിൽ 2277.04 ലക്ഷം രൂപ സമിതി ശിപാർശ പ്രകാരം അധിക അധികാരപ്പെടുത്തൽ മുഖേനയും റീ അപ്രോപ്രിയേഷൻ വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

<u>ശിപാർശ</u>

5054-01-337-96—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ്—നാഷണൽ ഹൈവേകൾ—നാഷണൽ ഹൈവേ കടന്നു പോകുന്ന വഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈലൈനുകൾ നിർമ്മിക്കുന്നതിന്—ദേശീയ പാതയിലെ ബൈപ്പാസുകളുടെ നിർമ്മാണം</u>

കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ പണിതുടങ്ങിക്കഴിഞ്ഞതിനാൽ ഇവയുടെ സംസ്ഥാന വിഹിതമായ 260 കോടി രൂപയും, കോഴിക്കോട് ബൈപ്പാസിന്റെ ബാക്കി ഭാഗം, തലശ്ശേരി-മാഹി ബൈപ്പാസ്സ് തുടങ്ങിയവയ്ക്കും തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 864.91 ലക്ഷം രൂപ ആയിരുന്നു. ബില്ലുകൾ സമർപ്പിക്കാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

5054-01-800-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് സംബന്ധിച്ച്— നാഷണൽ ഹൈവേകൾ—മറ്റ് ചെലവുകൾ—ദേശീയ പാതയിലെ ബന്ധിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ നടപടികൾ

റോഡപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക 5 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 480 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവ് 159.13 ലക്ഷം രൂപയാണ്. ഇത് ബഡ്ജറ്റ് വിഹിതത്തിനുള്ളിലായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

5054-03-101-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—സംസ്ഥാന രാജപാതകൾ—പാലങ്ങൾ—പാലങ്ങളും കലുങ്കുകളും—വൻകിട മരാമത്തുപണികൾ

സംസ്ഥാന പാതകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പ്രസ്തുത തുക 20 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 658.98 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 2566.49 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടി വന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴിയും/ഉപധനാഭ്യർത്ഥന വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

ശിപാർശ

5054-03-101-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—സംസ്ഥാന രാജപാതകൾ—പാലങ്ങൾ നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി—വൻകിട മരാമത്തുപണികൾ

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പണികളുടെ പൂർത്തീകരണത്തിനും പുതിയ ജോലികൾക്കുമായി ഈ ശീർഷകത്തിൽ 60 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 2670 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 304.31 ലക്ഷം രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടി വന്നില്ല. ലെറ്റർ ഓഫ് ക്രെഡിറ്റ് 12/2013 വരെ മാത്രമേ അനുവദിച്ചുള്ളൂ.

ശിപാർശ

5054-03-337-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—സംസ്ഥാന രാജപാതകൾ—റോഡുപണികൾ—വികസനവും പരിഷ്കരണവും—വൻകിട മരാമത്തുപണികൾ

സംസ്ഥാന പാതകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം മുതലായ ജോലികൾക്ക് തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. നിലവിലുള്ള സംസ്ഥാന പാതയിലെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുവാനുമായി 129.41 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 2059.31 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 5333.31 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടി വന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴിയും/ഉപധനാഭ്യർത്ഥന വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

ശിപാർശ

5054-03-337-97—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് —സംസ്ഥാന രാജപാതകൾ—റോഡുപണികൾ—കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (ലോകബാങ്ക് സഹായിക്കുന്നത്)

കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ റോഡ് പണികൾക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. പ്രധാന ജോലികൾ പൂർത്തിയാക്കാനും മറ്റ് അനുബന്ധ ജോലികൾക്കുമായി 431 കോടി രൂപ ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 21758 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 19059.37 ലക്ഷം രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശിപാർശ

5054-03-337-95—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—സംസ്ഥാന രാജപാതകൾ—റോഡുപണികൾ—ഹൈവേകളുടെ റോളിംഗ് ഹെവി മെയിന്റനൻസ്

സംസ്ഥാന പാതകളുടെയും പ്രധാന ജില്ലാ റോഡുകളുടേയും ഉപരിതല പുനരുദ്ധാരണത്തിന് അധികതുക വേണ്ടി വരുമെന്നതിനാൽ ഇപ്പോൾ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 70 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 247.12 ലക്ഷം രൂപ ആയിരുന്നു. ഈ ശീർഷകത്തിൽ ആകെ ചെലവായത് 349.59 ലക്ഷം രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ചു.

<u>ശിപാർശ</u>

5054-03-337-93—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—സംസ്ഥാന രാജപാതകൾ—റോഡുപണികൾ—ദീർഘകാലാടിസ്ഥാനത്തിലുള്ള റോഡുകളുടെ പുനരുദ്ധാരണ പണികൾ (ലോക ബാങ്ക് സഹായത്തോടെയുള്ളത്)</u>

ഈ ശീർഷകത്തിൽ നടപ്പു വർഷം തുക വകയിരുത്തിയിട്ടില്ല. ദീർഘകാലാടിസ്ഥാനത്തിലുള്ള റോഡുകളുടെ പുനരുദ്ധാരണ പണികൾക്കായി ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

<u>സ്വീകരിച്ച നടപടി</u>

ഡി.പി.ആർ. തയ്യാറാക്കി സർക്കാരിലേക്ക് നൽകി. ഈ ശീർഷകത്തിൽ തുകയൊന്നും ചെലവായിട്ടില്ല. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടി വന്നില്ല.

<u>ശിപാർശ</u>

5054-04-101-99-16—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാലം പണികൾ—പ്രധാന ജില്ലാതല റോഡുകൾ—പാലങ്ങളും കലുങ്കുകളും—വൻകിട മരാമത്തു പണികൾ</u>

പ്രധാന ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കായി 155 കോടി രൂപയാണ് ആവശ്യപ്പെട്ടതെങ്കിലും 12.36 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമാണ്. 2013-14 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകിയതിനാലും 2014-15 വർഷം പുതിയ ഭരണാനുമതി നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 142.64 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 64)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 1235.58 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 6085.03 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടി വന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗംവഴിയും/ഉപധനാഭ്യർത്ഥനവഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

ശിപാർശ

5054-04-101-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാലം പണികൾ—മറ്റു ജില്ലാതല റോഡുകൾ—പാലങ്ങളും കലുങ്കുകളും—വൻകിട മരാമത്ത് പണികൾ

ഈ ശീർഷകത്തിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കായി നടപ്പ് വർഷം തുക വകയിരുത്തിയിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 5 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 65)

സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ആകെ ചെലവായത് 137.94 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടി വന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴിയും/ഉപധനാഭ്യർത്ഥന വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

ശിപാർശ

5054-04-101-96-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് —ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാലം പണികൾ—പാലങ്ങളുടെ നിർമ്മാണവും വികസനവും —നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ—വൻകിട മരാമത്തു പണികൾ

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് നിർമ്മിക്കുന്ന പാലങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. RIDF XII മുതൽ XIX വരെയുള്ള പ്രവൃത്തികൾക്കും പുതിയ പദ്ധതികൾക്കുമായി ഈ ശീർഷകത്തിൽ 88.22 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 66)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 6177.93 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 5549.42 ലക്ഷം രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടി വന്നില്ല. ലെറ്റർ ഓഫ് ക്രെഡിറ്റ് 12/2014 വരെ മാത്രമേ അനുവദിച്ചിട്ടുള്ളൂ.

ശിപാർശ

5054-04-101-86—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാലം പണികൾ—മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ—പൊതുമരാമത്തു പണികൾ (പാലങ്ങൾ)

പാലങ്ങളുടെ വികസനത്തിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. കുടിശ്ശിക ബില്ലുകൾ കൊടുത്ത് തീർക്കുവാനും നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 100 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി പ്ലാനിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ആകെ ചെലവായത് 3716.93 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടി വന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴിയും/ഉപധനാഭ്യർത്ഥന വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

ശിപാർശ

5054-04-337-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—റോഡുപണികൾ പ്രധാന ജില്ലാതല റോഡുകൾ—വികസനവും പരിഷ്കരണവും—വൻകിട മരാമത്തു പണികൾ

പ്രധാന ജില്ലാതല റോഡുകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം എന്നിവയ്ക്കായി 585 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 61.78 കോടി രൂപയാണ് അനുവദിച്ചത്. 2013-14 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകിയതിനാലും 2014-15 വർഷം പുതിയ ഭരണാനുമതി നൽകാനുമായി ബാക്കി 523.22 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 6177.93 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 34056.50 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടി വന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴിയും/ഉപധനാഭ്യർത്ഥന വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

ശിപാർശ

5054-04-337-98—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—മറ്റു ജില്ലാതല റോഡുകൾ—പുതിയ പണികൾ

നടപ്പു സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 10 കോടി രൂപ ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ആകെ ചെലവായത് 1000.45 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടി വന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴിയും/ഉപധനാഭ്യർത്ഥന വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

ശിപാർശ

5054-04-337-97—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—മറ്റു ജില്ലാതല റോഡുകൾ—വികസനവും പരിഷ്കരണവും

2014-15 സാമ്പത്തിക വർഷത്തേക്ക് തുകയൊന്നും ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല ആകെ ചെലവായത് 155.08 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടി വന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴിയും/ഉപധനാഭ്യർത്ഥന വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

ശിപാർശ

5054-04-337-94-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—റോഡു പണികൾ—റോഡുകളുടെ നിർമ്മാണവും വികസനവും നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ—വൻകിട മരാമത്തു പണികൾ

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് നിർമ്മിക്കുന്ന പാലങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. RIDF XII മുതൽ XIX വരെയുള്ള പണികളുടെ പൂർത്തീകരണത്തിനും പുതിയ പദ്ധതി നടത്തിപ്പിനും വേണ്ടി 84.70 കോടി രൂപ കൂടി ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 6529.65 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 12578.39 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടി വന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴിയും/ഉപധനാഭ്യർത്ഥന വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

ശിപാർശ

5054-04-337-93—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—റോഡു പണികൾ—തീരദേശ ഹൈവേ

തീരദേശ ഹൈവേ നിർമ്മാണത്തിന് വേണ്ടിയുള്ള ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. 2013-14 വർഷം ആവിഷ്കരിച്ച വിവിധ പദ്ധതികൾ നടപ്പിലാക്കാനായി ഈ ശീർഷകത്തിൽ 100 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ തുകയൊന്നും ചെലവായിട്ടില്ല.

ശിപാർശ

5054-04-337-92—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—റോഡു പണികൾ—മലയോര ഹൈവേ

മലയോര ഹൈവേയുടെ നിർമ്മാണത്തിനായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. 2013-14 വർഷം ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കാനായി 100 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 82.37 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 898.46 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടി വന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴിയും/ഉപധനാഭ്യർത്ഥന വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

ശിപാർശ

5054-04-337-91-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—റോഡു പണികൾ—തിരുവനന്തപുരം കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡ്പരിഷ്കരണം—വൻകിട മരാമത്തു പണികൾ

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പ്രധാന നഗരങ്ങളിലെ റോഡു നിർമ്മാണം പരിഷ്കരണം എന്നീ ജോലികൾക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമാണ്. ഭരണാനുമതി ലഭിച്ച പണികൾക്കും പുതിയ ഭരണാനുമതി നൽകാനുമായി ഈ ശീർഷകത്തിൽ 11.71 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 329.49 ലക്ഷം രൂപ ആയിരുന്നു. യഥാസമയം പുതിയ ഭരണാനുമതി ലഭ്യമാകാത്തതിനാൽ ഈ ശീർഷകത്തിൽ തുകയൊന്നും ചെലവായിട്ടില്ല.

ശിപാർശ

5054-04-337-89-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—റോഡു പണികൾ—ശബരിമല റോഡ് പ്രോജക്ട്—വൻകിട മരാമത്തു പണികൾ

ശബരിമലയുടെ സമഗ്രവികസനത്തിനുവേണ്ടിയുള്ള റോഡ് വികസന പണികൾക്കായി 50 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 8.24 കോടി രൂപ മാത്രമാണ് വകയിരുത്തിയത്. ബാക്കി തുകയായ 41.76 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 823.72 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 2018.09 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടി വന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃർവിനിയോഗം വഴിയും/ഉപധനാഭ്യർത്ഥന വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

ശിപാർശ

5054-04-337-83—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—റോഡു പണികൾ—മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ—പൊതുമരാമത്ത് പണികൾ (പാതകൾ)

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ നിർമ്മാണത്തിനായുള്ള ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ 1,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 60 കോടി രൂപ പ്ലാൻ ഇനത്തിൽ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ പ്ലാൻ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല ആകെ ചെലവായത് 2007.18 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടി വന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴിയും/ഉപധനാഭ്യർത്ഥന വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

ശിപാർശ

5054-04-337-82—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റ് റോഡുകളും—മറ്റ് റോഡു പണികൾ—മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ—ജില്ലാ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണയുള്ള അറ്റകുറ്റപ്പണികൾ

ജില്ലാ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണയായുള്ള അറ്റകുറ്റപ്പണികൾക്കുവേണ്ടി ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ പ്ലാൻ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല ആകെ ചെലവായത് 721.18 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടി വന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴിയും/ഉപധനാഭ്യർത്ഥന വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

ശിപാർശ

5054-04-337-81—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റ് റോഡുകളും—റോഡു പണികൾ—പൊന്നാനി—വെങ്ങളം തീരദേശ ഹൈവേ നിർമ്മാണം

പൊന്നാനി വെങ്ങളം തീരദേശ ഹൈവേ നിർമ്മാണത്തിനുവേണ്ടി പുതിയതായി ആരംഭിച്ച ഈ ശീർഷകം 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ പദ്ധതിക്ക് 117 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 25 കോടി രൂപയുടെ ജോലികൾ ആരംഭിച്ചിട്ടുണ്ടെന്നും 50 കോടി രൂപയുടെ അടുത്ത ഭാഗം കൂടി 2014-15-ൽ ആരംഭിക്കാനുദ്ദേശിക്കുന്നുവെന്നും വകുപ്പ് സെക്രട്ടറി ബോധിപ്പിച്ചതിന്റെ

അടിസ്ഥാനത്തിൽ ഈ ശീർഷകത്തിൽ 75 കോടി രൂപ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആകെ ചെലവായത് 125.58 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടി വന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴിയും/ഉപധനാഭ്യർത്ഥന വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

<u>ശിപാർശ</u>

5054-05-337-99(01)—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—സംസ്ഥാനാന്തരമായോ സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ—റോഡു പണികൾ—പ്രധാന സംസ്ഥാനാന്തര റോഡുകൾ—സാമ്പത്തികമായോ സംസ്ഥാനന്തരമായോ പ്രാധാന്യമുള്ള റോഡുകൾ (100% കേന്ദ്ര സഹായ പദ്ധതി)</u>

പ്രധാന സംസ്ഥാനാന്തര റോഡുകളുടെ പണികൾക്കായി ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 5 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം ഇല്ലായിരുന്നു. ആകെ ചെലവായത് 69.77 ലക്ഷം രൂപയാണ്. ഇതിൽ മുഴുവൻ തുകയും സമിതി ശിപാർശ പ്രകാരം അധിക അധികാരപ്പെടുത്തൽ മുഖേനയും റീ അപ്രോപ്രിയേഷൻ വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

<u>ശിപാർശ</u>

5054-05-337-97-16—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—സംസ്ഥാനാന്തരമായോ സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ—റോഡു പണികൾ—സി.ആർ.എഫ്. റോഡുകൾ (സാധാരണ വിഹിതം) വൻകിട മരാമത്ത് പണികൾ</u>

പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 50.60 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 5490 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 9754.92 ലക്ഷം രൂപയാണ്. ഇതിൽ 4264.92 ലക്ഷം രൂപ സമിതി ശിപാർശ പ്രകാരം അധിക അധികാരപ്പെടുത്തൽ മുഖേനയും റീ അപ്രോപ്രിയേഷൻ വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

ശിപാർശ

5054-80-190-98—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജനറൽ—പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റുമുള്ള നിക്ഷേപം—പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡിനുള്ള സഹായം

ഈ ശീർഷകത്തിൽ നിലവിൽ തുക വകയിരുത്തിയിട്ടില്ല. എന്നാൽ കമ്പനിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപയും ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിന് 5 കോടി രൂപയും ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഈ ശീർഷകത്തിൽ ചെലവൊന്നുമുണ്ടായില്ല. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശിപാർശ

5054-80-800-81—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജനറൽ—മറ്റ് ചെലവുകൾ—റെയിൽവേ സുരക്ഷിതത്വ പണികൾ

റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം, പരിഷ്കരണം തുടങ്ങിയവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. 2013-14 വർഷം ആവിഷ്കരിച്ച 40 പുതിയ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ഏറ്റെടുത്ത് നടപ്പാക്കുന്നതിനായി 90 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 1000 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 1104.37 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടി വന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴിയും/ഉപധനാഭ്യർത്ഥന വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

ശിപാർശ

5054-80-800-74—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജനറൽ—മറ്റ് ചെലവുകൾ—മേൽപ്പാലങ്ങളുടെ പൂർത്തീകരണം

മുടങ്ങിക്കിടക്കുന്ന റെയിൽവേ മേൽപ്പാലങ്ങളുടെ പണി പൂർത്തീകരിക്കാനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന 14 മേൽ പാലങ്ങൾ പണി തീർത്ത് ഗതാഗതത്തിന് തുറന്ന് കൊടുക്കേണ്ടതിനാൽ 49 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 100 ലക്ഷം രൂപ ആയിരുന്നു. ഈ ശീർഷകത്തിൽ ചെലവൊന്നുമുണ്ടായില്ല. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശിപാർശ

5054-80-800-71—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജനറൽ—മറ്റ് ചെലവുകൾ—കൊച്ചിയിൽ സീപോർട്ട്—എയർപോർട്ട് റോഡ് നിർമ്മാണം

കൊച്ചിയിൽ സീപോർട്ട്-എയർപോർട്ട് റോഡിന്റെ നിർമ്മാണത്തിനായുള്ള ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. നിലവിലുള്ള 2 ലെയിൻ സീപോർട്ട്-എയർപോർട്ട് റോഡ് നാലു വരിയാക്കുന്നതിന് 55 കോടി രൂപയും രണ്ടാം ഘട്ടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കും രണ്ട് പാലങ്ങളുടെ നിർമ്മാണത്തിനും 113 കോടി രൂപയും ആവശ്യമുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 92.41 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 2059.31 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 8272.68 ലക്ഷം രൂപയാണ്. ഇതിൽ അധികമായി വേണ്ടി വന്ന തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴിയും/ഉപധനാഭ്യർത്ഥന വഴിയും അനുവദിച്ച് തന്നിട്ടുള്ളതാണ്.

<u>ശിപാർശ</u>

5054-80-800-70—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജനറൽ—മറ്റ് ചെലവുകൾ—മുൻഗണനാ പ്രവൃത്തികൾ</u>

മുൻഗണന നൽകി പുതിയതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പണികൾക്ക് വേണ്ടിയുള്ള ഈ ശീർഷകത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പണികൾ പൂർത്തിയാക്കാനായി 50 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 1000 ലക്ഷം രൂപ ആയിരുന്നു. ആകെ ചെലവായത് 742.84 ലക്ഷം രൂപയാണ്. ബാക്കി തുക സറണ്ടർ ചെയ്തു.

<u>ശിപാർശ</u>

5054-80-800-68—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജനറൽ—മറ്റ് ചെലവുകൾ—പി.പി.പി. (ആന്വിറ്റി) നടപ്പാക്കൽ—റോഡു സംരക്ഷണം</u>

നടപ്പു സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 300 കോടി രൂപ ആവശ്യപ്പെട്ടിരിരുന്നുവെങ്കിലും 17 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 283 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 1700 ലക്ഷം രൂപ ആയിരുന്നു. യഥാസമയം പുതിയ ഭരണാനുമതി ലഭ്യമാകാത്തതിനാൽ ഈ ശീർഷകത്തിൽ തുകയൊന്നും ചെലവായിട്ടില്ല.

ശിപാർശ

3051-02-001-99—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—ഭരണവും നടത്തിപ്പും—പോർട്ട് ഡയറക്ടറേറ്റ്

തുറമുഖ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ ശമ്പളം, അലവൻസ്, വേതനം, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ മുതലായവയ്ക്കായി 203.10 ലക്ഷം രൂപ ആവശ്യപ്പെട്ടുവെങ്കിലും 187.88 ലക്ഷം രൂപയാണ് വകയിരുത്തിയത്. പുതുതായി അനുവദിച്ച കാറുകൾ, മോട്ടോർ സൈക്കിൾ എന്നിവയ്ക്കുള്ള ഇന്ധനത്തിന് 3 ലക്ഷം രൂപയും അറ്റകുറ്റപ്പണികൾക്കായി 4 ലക്ഷം രൂപയും കൂടാതെ 05-4—മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ നിത്യനിദാന ചെലവുകൾക്കായി 2 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

സ്വീകരിച്ച നടപടി

ഇന്ധനത്തിന് 1.5 ലക്ഷം രൂപ അധിക തുക സർക്കാർ അനുവദിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികളും നിത്യനിദാനചെലവുകളും വകയിരുത്തിയ തുകയിൽ പരിമിതപ്പെടുത്തിയതിനാൽ ഈ ഇനങ്ങളിൽ ഈ വർഷം അധികമായി തുക ആവശ്യമായി വരുന്നില്ല.

ശിപാർശ

3051-02-001-98—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—ഭരണവും നടത്തിപ്പും—ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസ് വിവിധ സർക്കിൾ ഡിവിഷൻ സബ്ഡിവിഷൻ ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ ശമ്പളം, യാത്രാബത്ത, കെട്ടിട നികുതി, അപ്രന്റീസ് ട്രെയിനികൾക്കുള്ള സ്റ്റൈപ്പന്റ്, പാർട്ട്-ടൈം സ്വീപ്പർമാരുടെ വേതനം, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇന്ധന ചെലവ് തുടങ്ങിയ ചെലവുകൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1,16,53,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ ഉപധനാഭ്യർത്ഥന വഴി അധികമായി ഫണ്ട് അനുവദിക്കുവാൻ ധനകാര്യ വകുപ്പിൽ നൽകിയിരുന്നെങ്കിലും തുക ലഭ്യമായിട്ടില്ല.

ശിപാർശ

3051-02-101-98—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—നിർമ്മാണവും അറ്റകുറ്റപ്പണികളും—തുറമുഖ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തുറമുഖ വകുപ്പ് എന്നിവയുടെ കീഴിലുള്ള കെട്ടിടങ്ങൾ, ഗോഡൗണുകൾ, വിളക്കുമരങ്ങൾ തുടങ്ങിയവയുടെ അറ്റകുറ്റപ്പണികൾക്കായി 77.50 ലക്ഷം രൂപ ആവശ്യപ്പെട്ടുവെങ്കിലും 20 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 57.50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 93)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ ഉപധനാഭ്യർത്ഥന വഴി അധികമായി ഫണ്ട് അനുവദിക്കുവാൻ ചീഫ് എഞ്ചിനീയർ പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ നൽകിയിരുന്നെങ്കിലും തുക ലഭ്യമായില്ല.

ശിപാർശ

3051-02-102-99—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—തുറമുഖ കാര്യാന്വേഷണം—പോർട്ടാഫീസുകളും എസ്റ്റാബ്ലിഷ്മെന്റുകളും

നീണ്ടകര, ആലപ്പുഴ, കോഴിക്കോട് പോർട്ടാഫീസർമാരുടെ ഓഫീസുകളിലെയും മറ്റ് സബ് ഓഫീസുകളിലെയും ജീവനക്കാരുടെയും ടഗ്ഗുകൾ, ബാർജുകൾ, ക്രെയിനുകൾ, എന്നിവയിലെ ജീവനക്കാരുടെയും ശമ്പളം, അലവൻസ്, വേതനം, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ മുതലായവ ഇതിൽപ്പെടുന്നു. യന്ത്രോപകരണങ്ങളുടെ സംരക്ഷണ ചെലവ്, മറ്റു ചെലവുകൾ മുതലായവയും ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. പുതുതായി വാങ്ങിയ 3 കാറുകൾക്കും ഒരു മോട്ടോർ സൈക്കിളിനും ഇന്ധന ചെലവിന് 4.15 ലക്ഷം രൂപയും മെയിന്റനൻസിനായി 0.50 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

സ്വീകരിച്ച നടപടി

ടി ഇനങ്ങളിൽ ചെലവ് അലോട്ട്മെന്റ് തുകകളിൽ പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ ഇപ്പോൾ അധികം തുക ആവശ്യമായി വരുന്നില്ല.

ശിപാർശ

5051-02-200-91—തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ് — ചെറുകിട തുറമുഖങ്ങൾ, മറ്റു ചെറുകിട തുറമുഖങ്ങൾ—ഗവേഷണവും വികസനവും

വിവരസാങ്കേതികവിദ്യയുടെ വർദ്ധിച്ച ഉപയോഗം, നെറ്റ്‌വർക്കിംഗ്, ഓഫീസുകൾ തമ്മിൽ വിവരസാങ്കേതികവിദ്യയുടെ ഉപയോഗത്തിലൂടെ ബന്ധിപ്പിക്കുക, ജീവനക്കാരെ പരിശീലിപ്പിക്കുക, ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകൾ വാങ്ങുകയോ വികസിപ്പിക്കുകയോ ചെയ്യുക, മണ്ണ് മാന്തൽ സംബന്ധിയായി ഉപദേശകരെ പരിശീലിപ്പിക്കുക, പഠനത്തിനും ഗവേഷണത്തിനുമായി വിദഗ്ദ്ധരെ നിയമിക്കുക, പദ്ധതിരേഖകൾ തയ്യാറാക്കുക, പരിസ്ഥിതി ദൂഷണത്തിനെതിരെ പഠനം നടത്തുക, നടപടികൾ സ്വീകരിക്കുക, ജേർണലുകൾ, ആനുകാലികങ്ങൾ, പുസ്തകങ്ങൾ എന്നിവ വാങ്ങുക, സെമിനാറുകൾ, കോൺഫറൻസുകൾ എന്നിവ നടത്തുക, തുറമുഖങ്ങൾ സന്ദർശിക്കുക എന്നീ ആവശ്യങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 1.35 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 98)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൻകീഴിൽ ഉദ്ദേശിച്ചിരുന്ന ചില പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കി നടപ്പിലാക്കുവാൻ മതിയായ സമയം ലഭിക്കാത്ത സാഹചര്യത്തിൽ ഈ വർഷം അധികം തുക 1.35 കോടി രൂപ ആവശ്യമായി വരുന്നില്ല.

ശിപാർശ

5051-02-200-82—തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്— ചെറുകിട തുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—വിഴിഞ്ഞം കാർഗോ തുറമുഖം (പോർട്ട്)

സീവേർഡ് വാർഫ് 50 മീറ്റർ നീട്ടിപ്പണിയുക, ഓഫീസ് കെട്ടിട നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുക, ഐ.എസ്.പി.എസ്. കോഡ് തുറമുഖ തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും നടപ്പിലാക്കുക, ജീവനക്കാർക്ക് വസതികളും മറ്റു സൗകര്യങ്ങളും ഒരുക്കുക, വാർഫ് ബലപ്പെടുത്തുക, ഉപദേശകരെ നിയമിക്കുക, ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിക്കുക, ചരക്ക് കൈകാര്യം ചെയ്യുന്നതിന് യന്ത്രങ്ങൾ വാങ്ങുക, 3 കെ.വി.എ. സൗരോർജ്ജ യൂണിറ്റ് സ്ഥാപിക്കുക, 16 KVA ജനറേറ്റർ സെറ്റ്,

പൈലറ്റ് പട്രോൾ ബോട്ടുകൾ മുതലായവ വാങ്ങുക എന്നിവയ്ക്കായി 8 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയെങ്കിലും പ്രസ്തുത തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 101)

<u>സ്വീകരിച്ച നടപടി</u>

വിഴിഞ്ഞം തുറമുഖത്തേക്ക് 15 കോടി രൂപ ചെലവിൽ ആൾ ടെറയ്ൻ ക്രെയിൻ വാങ്ങുന്നതിന് രണ്ട് തവണ ടെണ്ടർ ക്ഷണിച്ചിട്ടും ആരും ടെണ്ടറിൽ പങ്കെടുക്കാതിരുന്നതിനാൽ ഈ വർഷം വാങ്ങാൻ കഴിയാത്ത അവസ്ഥയാണ്. ആയതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക 12 കോടി രൂപ ഈ വർഷം ആവശ്യമായി വരുന്നില്ല.

<u>ശിപാർശ</u>

5051-80-001-98—<u>തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—ജനറൽ—ഭരണവും നടത്തിപ്പും—തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിൽ നവീകരണം, ഗവേഷണം, വികസനം</u>

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ ഇ-ഗവേണൻസ് നടപ്പാക്കുക, നെറ്റ് വർക്ക്, ഹാർഡ് വെയർ, സോഫ്റ്റ് വെയർ, സർവ്വേ ഉപകരണങ്ങൾ എന്നിവ വാങ്ങുക, മൈക്ക് 21, പഴയ വാഹനം മാറ്റിവാങ്ങുക, കമ്പ്യൂട്ടർ വാങ്ങലും മെയിന്റനൻസും, പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനും ജീവനക്കാരുടെ ഗുണനിലവാരം ഉയർത്തുന്നതിനും പുതിയ സാങ്കേതികവിദ്യ സ്വീകരിക്കുക, തുറമുഖ വികസനത്തിന് ആവശ്യമായ ഗവേഷണം, മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, ആസ്തികളുടെ റിപ്പയറിംഗ്, കെട്ടിടങ്ങളുടെ മെയിന്റനൻസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5.95 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 107)

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വരുന്നില്ല.

ശിപാർശ

5051-80-800-75—ഇറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—ജനറൽ—മറ്റ് ചെലവുകൾ—ഇരവിപുരം-പരവൂർ തീരദേശ റോഡ്

ഇരവിപുരം-പരവൂർ തീരദേശ റോഡിന്റെ ഭാഗമായുള്ള ഇരവിപുരത്തുള്ള പാലത്തിന് 4 കോടി രൂപ ആവശ്യപ്പെട്ടുവെങ്കിലും, 2 കോടി രൂപയാണ് വകയിരുത്തിയത്. മുക്കം പൊഴിക്ക് കുറുകെയുള്ള പാലം നിർമ്മിക്കുന്നതിന് 5.70 കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 108)

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഇതിലേക്കായി മുന്നൂറ്റി ഇരുപത്തിയഞ്ച് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

3075-60-800-97—മറ്റു ഗതാഗത സർവ്വീസുകൾ—മറ്റുള്ളവ—മറ്റ് ചെലവുകൾ—ഉൾനാടൻ ജലഗതാഗത കനാലുകളുടെ സംരക്ഷണം

ജലഗതാഗത മാർഗ്ഗങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 115)

സ്വീകരിച്ച നടപടി

3075-60-800-97 എന്ന ശിർഷകത്തിൽ സീനിയോറിറ്റി പ്രകാരമാണ് പേയ്മെന്റ് നൽകുന്നത്. പേയ്മെന്റ് ആകുന്നമുറയ്ക്ക് ആവശ്യമെങ്കിൽ തുക അനുവദിക്കുന്നതാണ്.

ശിപാർശ

7055-00-190-99—റോഡ് ഗതാഗതത്തിനുള്ള വായ്പകൾ—പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള വായ്പകൾ—കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള വായ്പകൾ

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ വൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായും പ്രതിമാസ വരുമാനവും ചെലവും തമ്മിലുള്ള അന്തരം 93 കോടി

രൂപയാണെന്നും വരുമാനത്തിന്റെ ഭൂരിഭാഗവും ഡീസൽ വിലയിനത്തിലും വായ്പ തിരിച്ചടവിനുമായാണ് വിനിയോഗിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ ജനുവരി, ഫെബ്രുവരി മാസങ്ങളിലെ പെൻഷൻതുക പൂർണ്ണമായി വിതരണം ചെയ്യാനും സാധിച്ചിട്ടില്ല. 2014-15 വർഷത്തെ കോർപ്പറേഷന്റെ വാർഷികകമ്മി 1116 കോടി രൂപയായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നതെന്നും നടപ്പ് സാമ്പത്തിക വർഷം 150 കോടി രൂപയാണ് വായ്പയായി ബജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. KTDFC-ൽ നിന്നും 382 കോടി രൂപ വായ്പയായി ലഭ്യമാക്കണമെന്നും ബാക്കി തുകയായ 584 കോടി രൂപ പ്രവർത്തന മൂലധന വായ്പയായി 2014-15 വർഷത്തിൽ കോർപ്പറേഷൻ നൽകുന്നത് ഉചിതമാണെന്നും സമിതി കരുതുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 584 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 119)

<u>സ്വീകരിച്ച നടപടി</u>

കെ.എസ്.ആർ.ടി.സി.ക്ക് അധിക ധനസഹായം നൽകണമെന്ന ശിപാർശ ധനകാര്യ വകുപ്പുമായി ചേർന്ന് വിശദമായി പരിശോധിക്കുകയുണ്ടായി. സർക്കാരിന്റെ നിരവധി പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്നു മാത്രമാണ് കെ.എസ്.ആർ.ടി.സി. എന്നിരുന്നാലും കഴിഞ്ഞ സാമ്പത്തിക വർഷത്തിലുൾപ്പെടെ ബജറ്റ് വിഹിതത്തിന് പുറമേ അധിക സാമ്പത്തിക സഹായം തുടർച്ചയായി നൽകിവരികയാണ്. ഇങ്ങനെ തുടർച്ചയായി അധിക സാമ്പത്തിക സഹായം ഒരു സ്ഥാപനത്തിന് മാത്രമായി നൽകാൻ സർക്കാരിന് ബുദ്ധിമുട്ടായതിനാൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കി അധിക വരുമാനം കണ്ടെത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കെ.എസ്.ആർ.ടി.സി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതുവരെ കെ.എസ്.ആർ.ടി.സി.ക്ക് അധിക തുക അനുവദിക്കുവാൻ നിർവ്വാഹമില്ലായെന്ന് ധനകാര്യ വകുപ്പ് അറിയിക്കുകയുണ്ടായി.

കെ.എസ്.ആർ.ടി.സി.യുടെ പുനരുജ്ജീവനത്തിനായി ഒരു പാക്കേജിന് സർക്കാർ അംഗീകാരം നൽകുകയുണ്ടായി. ഇതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ നിർദ്ദേശങ്ങൾ നടപ്പിലാക്കി വരികയാണ്.

കൂടാതെ കെ.എസ്.ആർ.ടി.സിയുടെ പുരോഗതിക്കും നിലനിൽപ്പിനുമായി ഉചിതവും സാധ്യവുമായ സാമ്പത്തിക സഹായം സർക്കാർ നൽകിവരുന്നുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ വായ്പായിനത്തിൽ 150 കോടി രൂപ വകയിരുത്തിയതിൽ 105 കോടി രൂപ കെ.എസ്.ആർ.ടി.സി.ക്ക് റിലീസ് ചെയ്തു നൽകിക്കഴിഞ്ഞു.

ഈ ശീർഷകത്തിലെ ബാക്കി തുകയായ 45 കോടി രൂപ ഉൾപ്പെടെ അധിക തുക റീ അപ്രോപ്രിയേഷൻ വഴി കണ്ടെത്തി ആകെ 200 കോടി രൂപ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതി ഇനത്തിൽ 59.85 കോടി രൂപ ഈ സാമ്പത്തിക വർഷം റിലീസ് ചെയ്ത് നൽകിക്കഴിഞ്ഞു.

സഹകരണ ബാങ്കുകൾ/മറ്റ് സാമ്പത്തിക സ്ഥാപനങ്ങൾ എന്നിവയിൽനിന്നും കെ.എസ്.ആർ.ടി.സി. വായ്പ എടുക്കുന്നതിന് ആകെ 300 കോടി രൂപയിൽ കവിയാത്ത തുകയ്ക്ക് സർക്കാർ ഗ്യാരന്റി നൽകുവാൻ തീരുമാനിക്കുകയുണ്ടായി. ഇതനുസരിച്ച് പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽനിന്നും 200 കോടി രൂപ കെ.എസ്.ആർ.ടി.സി.ക്ക് വായ്പ ലഭ്യമാക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകുന്ന വിഷയത്തിൽ നടപടി സ്വീകരിച്ചു വരികയാണ്.

മേൽ നടപടികൾ കൂടാതെ, കെ.റ്റി.ഡി.എഫ്.സി. മുഖേനയും ഉചിതമായ സാമ്പത്തിക സഹായം കോർപ്പറേഷന് ലഭ്യമാക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം 247 കോടി രൂപ കെ.റ്റി.ഡി.എഫ്.സി.യിൽനിന്നും ഇതിനകം കെ.എസ്.ആർ.ടി.സി.ക്ക് വായ്പയായി നൽകിക്കഴിഞ്ഞു.

<u>ശിപാർശ</u>

5075-60-190-95—<u>മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനചെലവ്—മറ്റുള്ളവ—പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ—കേരള മോണോറെയിൽ കോർപ്പറേഷൻ ലിമിറ്റഡിനുള്ള ഓഹരി മൂലധന അറ്റാദായം</u>

തിരുവനന്തപുരം, കോഴിക്കോട് മോണോറെയിൽ പദ്ധതികളുടെ ആദ്യഘട്ടം പൂർത്തിയാക്കുന്നതിന് സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ള പണികൾക്കായി തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം 13 കോടി രൂപ അനുവദിച്ചുവെങ്കിലും 10 കോടി രൂപയാണ് ലഭിച്ചിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ 507.52 കോടി രൂപ അധികമായി ധനപുനഃവിനിയോഗ/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 124)

<u>സ്വീകരിച്ച നടപടി</u>

28-8-2014-ലെ കേരള മോണോറെയിൽ കോർപ്പറേഷന്റെ ബോർഡ് യോഗത്തിൽ കോഴിക്കോട്, തിരുവനന്തപുരം മോണോറെയിൽ പദ്ധതികൾ ഉപേക്ഷിക്കുവാൻ തീരുമാനിക്കുകയും പകരം ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിലേക്ക് വിശദമായ

പദ്ധതിരേഖ തയ്യാറാക്കുവാൻ തീരുമാനിക്കുകയുണ്ടായി. വിശദമായ പദ്ധതിരേഖ ലഭിച്ച ശേഷം ആയത് പരിശോധിച്ച് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുന്നതിന് കഴിയുകയുള്ളൂ. ആയതിനാൽ ഈ സാമ്പത്തിക വർഷം ഇതിലേക്കായി അധികതുക അനുവദിക്കേണ്ടിവരികയില്ല.

<u>ശിപാർശ</u>

5075-60-800-81—<u>മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്—മറ്റുള്ളവ—മറ്റ് ചെലവുകൾ —ആലപ്പുഴ കനാൽ ശുദ്ധീകരണ പദ്ധതി</u>

ആലപ്പുഴ കനാൽ ശുചീകരണ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുവേണ്ടി തുക വകയിരുത്തുന്നതിനായി പുതുതായി ആരംഭിച്ച ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആലപ്പുഴ ഠൗൺ കനാൽ ചെളിനീക്കി വൃത്തിയാക്കുന്ന പ്രവൃത്തിക്ക് 5.36 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 126)

<u>സ്വീകരിച്ച നടപടി</u>

5075-60-800-81 എന്ന ശീർഷകത്തിൽ സീനിയോറിറ്റി പ്രകാരമാണ് പേയ്മെന്റ് നൽകുന്നത്. പേയ്മെന്റ് ആകുന്നമുറയ്ക്ക് ആവശ്യമെങ്കിൽ തുക അനുവദിക്കുന്നതാണ്.

<u>ഭാഗം 2</u>

## സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും മറുപടി ലഭ്യമാക്കാത്തവ ചുവടെ ചേർക്കുന്നു

### മത്സ്യബന്ധന തുറമുഖ വകുപ്പ്

3051-02-001-92—<u>തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—ഭരണവും നടത്തിപ്പും—മാരിടൈം വിദ്യാഭ്യാസ പരിശീലന പരിപാടികളും ശേഷി വികസനവും</u>

കേരള സംസ്ഥാനത്തെ കപ്പലോട്ട വിജ്ഞാന വിദ്യാഭ്യാസ കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടിയാണ് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിട്ടുള്ളത്. നീണ്ടകരയിൽ കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. 3-9-2011 മുതൽ കൊടുങ്ങല്ലൂരിൽ സബ്സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതിയിലെ തുക അടിസ്ഥാന സൗകര്യ വികസനം, കെട്ടിടങ്ങളുടെ നിർമ്മാണ പരിപാലനം, ഗ്രന്ഥശാലകളുടെ നിർമ്മാണം, കാമ്പസുകളുടെ പരിപാലനം, ലാബുകളിലേക്കാവശ്യമായ സാധനസാമഗ്രികൾ

വാങ്ങുക, പാഠപുസ്തകങ്ങൾ വാങ്ങുക, പരിശീലനത്തിനുവേണ്ടിയുള്ള വീഡിയോ ആനുകാല്യങ്ങൾ, പുസ്തകങ്ങൾ, പരിശീലന ക്ലാസുകൾ നടത്തുക, വിദഗ്ദ്ധാഭിപ്രായം തേടുക, വിദഗ്ദ്ധർക്കുള്ള ഫീ നൽകുക തുടങ്ങിയ ആവശ്യങ്ങൾക്കായുള്ളതാണ്. ഈ ശീർഷകത്തിൽ വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ 60 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

3051-02-001-92—<u>തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—ഭരണവും നടത്തിപ്പും—കേരള ഉൾനാടൻ ജലഗതാഗത നിയമം നടപ്പാക്കൽ</u>

കേരളത്തിലെ വിവിധ ജില്ലകളിലെ ഉൾനാടൻ ജലവാഹനങ്ങൾ കേരള ഉൾനാടൻ യാന നിയമത്തിൻ കീഴിലെ രജിസ്റ്ററിംഗ് അതോറിറ്റിയും ചീഫ് സർവ്വേയറും നിശ്ചിത കാലം ഇടവിട്ട് പരിശോധിക്കേണ്ടതുണ്ട്. ഇതിനുവേണ്ടി ടി ഉദ്യോഗസ്ഥരുടെ യാത്രയ്ക്കുവേണ്ടി ഒരു കാർ, ഒരു വിവിധോദ്ദേശ്യ വാഹനം എന്നിവ വാങ്ങിയിട്ടുണ്ട്. എറണാകുളത്ത് ഓഫീസ് ഫോൺ സ്ഥാപിക്കുന്നതിനും വേമ്പനാട് കായലിലും തേക്കടി, മറ്റ് ഉൾനാടൻ ജലപാതകളിൽ ബോയ സ്ഥാപിക്കുന്നതിനും ജലവാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനും ആവശ്യമാംവിധം ഡ്രൈഡോക്ക് സ്ഥാപിക്കുന്നതിനും നീണ്ടകരയിൽ ആരംഭിച്ച ഡൈവേഴ്സ് ട്രെയിനിംഗിന് വേണ്ടിയും സ്വീവേജ് പ്ലാന്റ് സ്ഥാപിക്കുന്നതിനും ഈ ശീർഷകത്തിൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ തുറമുഖ വകുപ്പ് 2010 മുതൽ കേരള ഉൾനാടൻ യാന നിയമം (കെ.ഐ.വി.) റൂൾ നടപ്പാക്കിത്തുടങ്ങിയിട്ടുണ്ട്. ഹോവർ ക്രാഫ്റ്റ് വാങ്ങുക, മുഖ്യ പരീക്ഷാ പരിശോധകൻ കോമ്പിറ്റൻസി ടെസ്റ്റ് നടത്തുക തുടങ്ങിയവയ്ക്ക് ആവശ്യമായ തുകയും ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

3051-02-001-91—<u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—ഭരണവും നടത്തിപ്പും—സമുദ്ര ജലഗതാഗത വ്യാപനംമൂലമുണ്ടാകുന്ന പാരിസ്ഥിതിക ആഘാതത്തെക്കുറിച്ചുള്ള വിലയിരുത്തലും അവ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും</u>

സംസ്ഥാനത്തെ കപ്പൽ വ്യവസായ വികസനം, തീരദേശ കപ്പൽ ഗതാഗത വികസനം, കപ്പലോട്ട വ്യവസായത്തിലെ വിഭവങ്ങളുടെ ഫലദായകമായ ഉപയോഗം, തീരദേശകപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും സംയോജിപ്പിക്കുക എന്നീ

ലക്ഷ്യങ്ങൾക്കായും പരിസ്ഥിതിക്കും ആവാസ വ്യവസ്ഥയ്ക്കും വിഘാതം സൃഷ്ടിക്കാതെ പാരിസ്ഥിതിക പഠനം നടത്തുന്നതിനും ആഘാത ലഘൂകരണത്തിനും ആവശ്യമായ നടപടികളുടെ വിലയിരുത്തൽ നടപ്പിലാക്കുക എന്നീ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.8 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

3051-02-001-90—<u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—ഭരണവും നടത്തിപ്പും—തുറമുഖ വകുപ്പിലെ ഭരണ നവീകരണം</u>

കേരള മാരിടൈം ബോർഡിനുവേണ്ടി, മാന്വലുകളും മറ്റ് മാർഗ്ഗനിർദ്ദേശ രേഖകൾ സംവിധാനങ്ങൾ രൂപീകരിക്കുക, ഉപദേശകരെ ഏർപ്പെടുത്തുക, വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുക, നടത്തുക, കപ്പലോട്ട വ്യവസായ വികസനത്തിനുള്ള സെമിനാറുകൾ, കോൺഫറൻസുകൾ നടത്തുക, തദ്ദേശീയവും വിദേശീയവുമായ തുറമുഖങ്ങൾ പഠനാവശ്യത്തിന് സന്ദർശിക്കുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എറണാകുളത്ത് ഓഫീസ് സമുച്ചയം നിർമ്മിക്കുക, എറണാകുളത്ത് ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി വാങ്ങാനുള്ള നടപടിയും ഓഫീസാവശ്യത്തിനായുള്ള വാഹനം വാങ്ങുക എന്നീ ആവശ്യങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

3051-02-102-98—<u>തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—തുറമുഖ കാര്യാന്വേഷണം—അന്വേഷണവും രക്ഷാനടപടിയും</u>

കടലിലെ രക്ഷാപ്രവർത്തനങ്ങൾക്കുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ ശമ്പളം, അലവൻസ്, വേതനം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, യന്ത്രോപകരണങ്ങളുടെ സംരക്ഷണ ചെലവ്, മറ്റു ചെലവുകൾ, യന്ത്രങ്ങളുടെ നടത്തിപ്പിനുള്ള ചെലവ്, മറ്റ് ചെലവുകൾ മുതലായവ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 72.72 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടഗ്ഗുകൾക്കും ബാർജ്ജുകൾക്കും ഇന്ധന ചെലവിനായി 2 ലക്ഷം രൂപ കൂടി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

3051-02-104-98—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—പൈലറ്റിംഗ് ഇന്ത്യൻ നാവികസേനാ ചട്ടത്തിനു കീഴിലുള്ള, തീരദേശ സുരക്ഷയും യുദ്ധ നിരീക്ഷണ പ്രവർത്തികളും

മാരിടൈം സ്റ്റേറ്റ് ഡെവലപ്മെൻഡ് കൗൺസിലിന്റെ നിർദ്ദേശങ്ങളും തീരുമാനങ്ങളും തീരദേശ തുറമുഖ സുരക്ഷയ്ക്കുവേണ്ടി നിരീക്ഷണ ബോട്ടുകളും അനുബന്ധ സൗകര്യങ്ങൾ, വെസ്സൽ ട്രാക്കിംഗ് മാനേജ്മെന്റ് സംവിധാനങ്ങൾ, അണുവികിരണ വസ്തുക്കൾ തിരിച്ചറിയുന്നതിനുള്ള സംവിധാനങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനും ജീവനക്കാർക്ക് ഇൻഡ്യൻ നേവി ആക്റ്റിന്റെ കീഴിൽ വാർ വാച്ചിംഗ്, സുരക്ഷാ നടപടികൾ എന്നിവയിൽ പരിശീലനം നൽകുന്നതിനും ഈ പദ്ധതിയിൻ കീഴിൽ ലക്ഷ്യമിടുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

5051-01-001-99—തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനചെലവ്—വൻകിട തുറമുഖങ്ങൾ, ഭരണവും നടത്തിപ്പും—വിഴിഞ്ഞം ആഴക്കടൽ വികസനം—അന്താരാഷ്ട്ര കപ്പൽ ഗതാഗത ടെർമിനൽ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് തുറമുഖം വികസിപ്പിക്കുന്നതെന്നും പദ്ധതിരേഖകൾ അംഗീകരിച്ചുകഴിഞ്ഞുവെന്നും സംസ്ഥാന സർക്കാർ വലിയതോതിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി മുതൽ മുടക്കുകയും തെരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ കമ്പനി/വ്യക്തി തുറമുഖം പ്രവർത്തിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 250 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 97)

5051-02-200-86—തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനചെലവ്—ചെറുകിട തുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—തുറമുഖങ്ങളുടെ വികസനം

നീണ്ടകര, കായംകുളം, കോട്ടയം, വടകര, തലശ്ശേരി, കണ്ണൂർ, ചെറുവത്തൂർ, കാസർഗോഡ്, മഞ്ചേശ്വരം എന്നീ ഒൻപതു തുറമുഖങ്ങളുടെ വികസനത്തിനുള്ള ബഡ്ജറ്റ് വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയ തുക

അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 99)

5051-02-200-83—<u>തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്— ചെറുകിട തുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—അഴീക്കൽ തുറമുഖ വികസനം</u>

തദ്ദേശീയവും വിദേശീയവുമായ ചരക്ക് കണ്ടെയ്നറിലുള്ളതും അല്ലാത്തതും കൈകാര്യം ചെയ്യുന്നതും എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുന്നതുമായ ഒരു തുറമുഖമായി അഴീക്കൽ തുറമുഖം വികസിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നതായും തുറമുഖ ഓഫീസ് കെട്ടിടങ്ങൾ പുനർനിർമ്മിക്കുക, സജ്ജമാക്കുക, ജീവനക്കാർക്ക് വസതി നിർമ്മിക്കുക, പൈലറ്റ് പട്രോൾ ബോട്ടുകൾ വാങ്ങുക, ട്രാൻസിറ്റ് ഷെഡ് തുറമുഖഭൂമി പച്ചവിരിക്കുക, സുന്ദരമാക്കുക, വെയ് ബ്രിഡ്ജ്, ബോയകൾ, ചാനൽ അടയാളപ്പെടുത്തുക, 3 കെ.വി.എ. സൗരോർജ്ജ യൂണിറ്റ് സ്ഥാപിക്കുക, 750 HP ടഗ്ഗ് വാങ്ങുക എന്നിവയ്ക്കായും മണ്ണുമാന്തി വാങ്ങുന്നതിനും വേണ്ട തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 15.80 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 100)

5051-02-200-79—<u>തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനചെലവ്— ചെറുകിട തുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—പൊന്നാനി തുറമുഖ വികസനം</u>

തദ്ദേശീയവും വിദേശീയവുമായ ചരക്ക് കണ്ടെയ്നറിൽ വരുന്നതും അല്ലാത്തതും, കൈകാര്യം ചെയ്യുന്നതും എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുന്നതുമായ തുറമുഖമായി പൊന്നാനി തുറമുഖം വികസിപ്പിക്കുന്നതിനായി ഉദ്ദേശിക്കുന്നതായും തുറമുഖ കെട്ടിടങ്ങളുടെ പുനഃനിർമ്മാണം, വെഹിക്കിൾ ഷെഡ് നിർമ്മാണം, ചുറ്റുമതിലും ഗേറ്റും സ്ഥാപിക്കുക, തുറമുഖഭൂമി പച്ചവിരിക്കുക, കപ്പലോട്ട നിയമങ്ങൾ അനുസരിച്ച് ചാനൽ മാർക്ക് ചെയ്യുക തുടങ്ങി തുറമുഖം നടത്തിപ്പിനും വികസനത്തിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 102)

5051-02-200-78—<u>തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനചെലവ്—ചെറുകിട തുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—വിഴിഞ്ഞം കാർഗോ തുറമുഖം</u>

വിഴിഞ്ഞം കാർഗോ ഹാർബർ എന്ന ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ല. കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി 77,72,000 രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 103)

5051-02-200-76—<u>തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനചെലവ്—ചെറുകിട തുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—തങ്കശ്ശേരി കാർഗോ ബർത്ത്</u>

തങ്കശ്ശേരി കാർഗോ ബർത്തിനായുള്ള ഈ ശീർഷകത്തിൽ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കാനായി 93,42,000 രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 104)

5051-02-200-74—<u>തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനചെലവ്—ചെറുകിട തുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—ബേപ്പൂർ, കോഴിക്കോട് തുറമുഖങ്ങളുടെ വികസനം</u>

ബേപ്പൂർ, കോഴിക്കോട് തുറമുഖ വികസനത്തിന്റെ ഭാഗമായി പാസഞ്ചർ ടെർമിനലിൽ അധിക സൗകര്യങ്ങൾ ഒരുക്കുക, ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള യന്ത്രങ്ങൾ വാങ്ങുക, സ്പീഡ് ബോട്ട്, ക്രെയിൻ ഇവ വാങ്ങുക, തുറമുഖ തൊഴിലാളികളുടെ സുരക്ഷിതത്വത്തിനും ക്ഷേമത്തിനും പരിപാടികൾ നടത്തുക, ജീവനക്കാർക്ക് വസതികളും സൗകര്യവും ഒരുക്കുക, തുറമുഖത്തേക്ക് റോഡ് സൗകര്യം ഒരുക്കുന്നതിനു വേണ്ടി ഭൂമി ഏറ്റെടുക്കുക/വാങ്ങുക, ഐ.എസ്.പി.എസ്. കോഡ് അനുസരിച്ച് സുരക്ഷാസംവിധാനം ഒരുക്കുക, ബേക്ക് വാട്ടർ നിർമ്മിക്കുക, പൈലറ്റ് പട്രോൾ ബോട്ട് വാങ്ങുക, തുറമുഖഭൂമി പച്ചവിരിക്കുക, വേ ബ്രിഡ്ജിംഗ് സ്ഥാപിക്കുക, ജീപ്പ്, ബോട്ട്, ടഗ്ഗ് എന്നിവ വാങ്ങുക എന്നീ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 10.25 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 105)

5051-02-200-72—തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—ചെറുകിടതുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—കൊടുങ്ങല്ലൂർ (മുനമ്പം) തുറമുഖ വികസനം

കൊടുങ്ങല്ലൂർ മുനമ്പം തുറമുഖം എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുന്ന തീരദേശ കപ്പൽ ഗതാഗതത്തിന് ഉതകുന്ന തുറമുഖമായി വികസിപ്പിക്കുന്നതിനാവശ്യമായ യന്ത്രങ്ങളും സാമഗ്രികളും വാങ്ങുക, ഓഫീസ് കെട്ടിടം നിർമ്മിക്കുക, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, ബോട്ട് റിപ്പയർ യാർഡ് സ്ഥാപിക്കുക, ചാനൽ മാർക്കിംഗ് ബോയ സ്ഥാപിക്കുക, തുറമുഖഭൂമി ചുറ്റുമതിൽ കെട്ടുക എന്നിവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5.50 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 106)

5051-80-800-72—തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—ജനറൽ മറ്റ് ചെലവുകൾ—ഇരവിപുരം പരവൂർ തീരദേശ റോഡ്

ഇരവിപുരം പരവൂർ തീരദേശ റോഡിന്റെ ഭാഗമായുള്ള ഇരവിപുരത്തുള്ള പാലത്തിന് 4 കോടി രൂപ ആവശ്യപ്പെട്ടുവെങ്കിലും 2 കോടി രൂപയാണ് വകയിരുത്തിയത്. മുക്കം പൊഴിക്ക് കുറുകെയുള്ള പാലം നിർമ്മിക്കുന്നതിന് 5.70 കോടി രൂപയുടെ റിവൈസ്ഡ് കോസ്റ്റ് എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 108)

5051-80-800-62—തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—ജനറൽ—മറ്റ് ചെലവുകൾ—തീരദേശ കപ്പൽ ഗതാഗത വികസനം

റോഡിനുപകരം കടലിലൂടെ ചരക്ക് കൈകാര്യം ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനാണ് തീരദേശ കപ്പൽ ഗതാഗത വികസനംകൊണ്ട് ഉദ്ദേശിക്കുന്നത്. തുടക്കത്തിൽ വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങൾ ബന്ധിപ്പിച്ചുകൊണ്ട് തീരദേശ കപ്പൽ ഗതാഗതം ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നതായും തീരദേശ കപ്പൽ ഗതാഗതത്തിന്റെ പ്രോത്സാഹനത്തിന് വാങ്ങിയതോ വാടകയ്ക്കെടുത്തതോ ആയ കപ്പലുകൾ ആവശ്യമാണെന്നും സമിതി മനസ്സിലാക്കുന്നു. കൊല്ലം, കൊടുങ്ങല്ലൂർ, അഴീക്കൽ എന്നിവിടങ്ങളിൽ പി.പി.പി. അടിസ്ഥാനത്തിൽ സിമന്റ് ടെർമിനലുകൾ സ്ഥാപിക്കുക, തീരദേശ കപ്പൽ ഗതാഗത വ്യവസായത്തിന്റെ പ്രോത്സാഹനത്തിന് സെമിനാറുകൾ, കോൺഫറൻസുകൾ നടത്തുക, ഇൻസെന്റീവ്

നൽകുക, പ്രോജക്ട്കൾക്ക് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കായി 39.30 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 60.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 109)

## ഗതാഗത വകുപ്പ്

2041-00-001-99—വാഹന നികുതികൾ—നടത്തിപ്പും ഭരണവും—ഭരണ ചെലവുകൾ

ഭരണ ചെലവുകൾക്കായി നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 04(1) യാത്രാചെലവുകൾ യാത്രാബത്ത എന്ന ഉപശീർഷകത്തിൽ 2.10 ലക്ഷം രൂപയും 04(2) യാത്രാചെലവുകൾ സ്ഥലംമാറ്റ ബത്ത എന്ന ഉപശീർഷകത്തിൽ 1 ലക്ഷം രൂപയും 06 (17) ചെറുകിട മരാമത്ത് പണികൾ എന്ന ഉപശീർഷകത്തിൽ 49 ലക്ഷം രൂപയും, ഹെഡ്ക്വാർട്ടേഴ്സിലെ മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 21(2) മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഉപശീർഷകത്തിൽ 1,20,000 രൂപയും 28 തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ എന്ന ഉപശീർഷകത്തിൽ 6.5 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

2041-00-102-99—വാഹന നികുതികൾ—മോട്ടോർ വാഹനങ്ങളുടെ പരിശോധന

മോട്ടോർ വാഹനങ്ങളുടെ പരിശോധനയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ് ആയതിനാൽ 04(1) യാത്രാചെലവുകൾ യാത്രാബത്ത എന്ന ഉപശീർഷകത്തിൽ 2 ലക്ഷം രൂപയും 04(2) സ്ഥലംമാറ്റ ബത്ത എന്ന ഉപശീർഷകത്തിൽ 1 ലക്ഷം രൂപയും 21(2) മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഉപശീർഷകത്തിൽ 20 ലക്ഷം രൂപയും 34 മറ്റ് ചെലവുകൾ എന്ന ഉപശീർഷകത്തിൽ 1 ലക്ഷം രൂപയും 45 പി.ഒ.എൽ. ഇനത്തിൽ 50 ലക്ഷം രൂപയും അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

3053-02-190-99—സിവിൽ ഏവിയേഷൻ—എയർപോർട്ടുകൾ—പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങൾക്കുമുള്ള സഹായധനം—കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റിക്കുള്ള ഗ്രാന്റ്

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് ഫണ്ട് സമാഹരിക്കുന്നതിന് 4-4-2012-ലെ ജി.ഒ.(എംഎസ്.) നമ്പർ 20/2012/ട്രാൻ. പ്രകാരം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള

പ്രൊമോഷൻ സൊസൈറ്റി രൂപീകരിച്ചുവെങ്കിലും നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല ആയതിനാൽ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 110)

3055-00-800-95—റോഡ് ഗതാഗതം—മറ്റ് ചെലവുകൾ—കേരള റോഡ് സുരക്ഷാ ഫണ്ടിലേക്ക് മാറ്റൽ

2013-14 സാമ്പത്തിക വർഷം കേരള റോഡ് സുരക്ഷാ അതോറിറ്റി വിവിധ പ്രോജക്ടുകൾ, ഓഫീസ് ചെലവുകൾ, ഗതാഗതം, ടാക്സ് എന്നീയിനങ്ങളിൽ 2014 ഫെബ്രുവരി വരെ 25,06,53,479 രൂപ ചെലവഴിച്ചതായി സമിതി മനസ്സിലാക്കുന്നു. കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ റോഡ് സുരക്ഷാ പദ്ധതികൾക്ക് അനുവദിച്ച തുകയിൽ 32.13 കോടി രൂപ വിവിധ വകുപ്പുകൾക്ക് നൽകാനുമുണ്ട്. അതോറിറ്റിയിൽ ടെക്നിക്കൽ സ്റ്റാഫ് ഉൾപ്പെടെ കൂടുതൽ ജീവനക്കാർ വരാൻ സാധ്യതയുള്ളതിനാൽ ശമ്പളം, ഓഫീസ് ചെലവുകൾ മുതലായ ഇനങ്ങളിൽ 50% വർദ്ധന ഈ സാമ്പത്തിക വർഷം ഉണ്ടാകുമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ നിലവിൽ അനുവദിച്ച തുകയായ 67.10 കോടി രൂപ അപര്യാപ്തമാണ്. 2008-09 മുതൽ 2011-12 വരെ അതോറിറ്റിക്ക് ലഭിക്കാനുള്ള 21.29 കോടി രൂപയും ചേർത്ത് ആകെ 38.53 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 111)

3056-00-001-98-01(4)—ഉൾനാടൻ ജല ഗതാഗതം—ഭരണവും നടത്തിപ്പും—ഓപ്പറേഷൻ —ശമ്പളം

01 (4) ശമ്പളം—മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായ സാഹചര്യത്തിൽ ജീവനക്കാർ നൽകിയ മുഴുവൻ മെഡിക്കൽ ബില്ലുകളും മാറുന്നതിനായി ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. .

(ഖണ്ഡിക 112)

3056-00-001-98-34—ഉൾനാടൻ ജലഗതാഗതം—ഭരണവും നടത്തിപ്പും—ഓപ്പറേഷൻ— മറ്റ് ചെലവുകൾ

ഷെഡ്യൂളുകളുടെ എണ്ണം വർദ്ധിക്കുകയും സർവ്വീസ് ബോട്ടുകളിലുപയോഗിക്കുന്ന ഡീസലിന്റെ വില വർദ്ധനവുമൂലമുണ്ടാകുന്ന അധിക ചെലവ് നേരിടാനുമായി 2 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 113)

3056-00-001-97-19—ഉൾനാടൻ ജല ഗതാഗതം—ഭരണവും നടത്തിപ്പും—അറ്റകുറ്റ പണികളും—സംരക്ഷണവും—യന്ത്രോപകരണങ്ങൾ

ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്കാവശ്യമായ സ്പെയർപാർട്ടുകൾ വാങ്ങുന്നതിന് തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 25 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 114)

3075-60-800-96—മറ്റ് ഗതാഗത സർവ്വീസുകൾ—മറ്റുള്ളവ—മറ്റു ചെലവുകൾ—കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി

കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാംഘട്ട വികസനം, തൃപ്പൂണിത്തുറ എക്സ്റ്റൻഷൻ ജോലികൾക്കും ട്രാഫിക്/TOD പഠനങ്ങൾക്കുമായി 76.17 കോടി രൂപ ചെലവുവരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 76.17 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 116)

5053-02-190-97—സിവിൽ ഏവിയേഷനുള്ള മൂലധനചെലവ്—എയർപോർട്ടുകൾ—പൊതു മേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ—കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിനായി മൂന്നാംഘട്ട സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട ബാങ്ക് വായ്പയുടെ പലിശയും ഗവൺമെന്റ് ഗ്യാരണ്ടി കമ്മീഷനുംവേണ്ടി ഈ ശീർഷകത്തിൽ 34.57 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 117)

5053-02-190-92—സിവിൽ ഏവിയേഷനുള്ള മൂലധനചെലവ്—എയർപോർട്ടുകൾ—പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ—സംസ്ഥാനത്തെ 10 ജില്ലകളിൽ ഹെലിപോർട്ട് സ്ഥാപിക്കൽ

എല്ലാ ജില്ലകളിലും വ്യോമസേന സംവിധാനം ഏർപ്പെടുത്തേണ്ടത് അനിവാര്യമാണെങ്കിലും വിമാനത്താവളങ്ങൾ സ്ഥാപിക്കുന്നതിന് വളരെയേറെ ഭൂമി ആവശ്യമായതും കൂടുതൽ സാമ്പത്തിക ബാദ്ധ്യതയുള്ളതുമായതിനാൽ വിമാനത്താവളങ്ങൾ ഇല്ലാത്ത ജില്ലകളിൽ ഹെലിപോർട്ട് സ്ഥാപിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു.

കോഴിക്കോട് ജില്ലയ്ക്കായുള്ള വിമാനത്താവളം ജില്ലാ ആസ്ഥാനത്തുനിന്നും വളരെ അകലെയായതിനാൽ കോഴിക്കോട് ആസ്ഥാനമായും കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലാ ആസ്ഥാനങ്ങളിൽ സർക്കാർ ഭൂമി ലഭ്യമാകുന്നിടത്തും സർക്കാർ ഭൂമി ഇല്ലാത്ത സ്ഥലങ്ങളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി ഹെലിപോർട്ട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക പര്യാപ്തമല്ല. ഒരു ഹെലിപോർട്ട് നിർമ്മാണത്തിന് 50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 118)

5056-00-102-99—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്—വർക്ക്ഷോപ്പ് സൗകര്യങ്ങൾ—ചെറിയ ഡ്രൈഡോക്ക് നിർമ്മാണം

ഈ പദ്ധതിക്കുള്ള മതിപ്പ് ചെലവ് 20 കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 120)

5056-00-104-96—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്—നാവിഗേഷൻ—ഭൂമി, കെട്ടിടം, ടെർമിനൽ സൗകര്യങ്ങൾ

കോട്ടയം ജില്ലയിൽ വകുപ്പിന്റെ സ്റ്റേഷനോഫീസ് കെട്ടിടം നിൽക്കുന്ന സ്ഥലത്ത് ഒരു വാട്ടർ ടൂറിസ്റ്റ് ഹബ്ബ് പണിയുന്നതിനായി ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 121)

5056-00-104-87—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്— നാവിഗേഷൻ—എൽ.എൻ.ജി. വെസ്സലിന്റെ സംഭരണം

എൽ.എൻ.ജി. വഹിക്കുന്ന ഒരു ജലവാഹനം നിർമ്മിക്കുന്ന പുതിയ പദ്ധതിയുടെ ആദ്യഘട്ടത്തിനുള്ള മതിപ്പ് ചെലവ് 30 കോടി രൂപയായതിനാൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 28 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 122)

5075-60-190-96—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനചെലവ്—മറ്റുള്ളവ—പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ—കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. കൊച്ചി മെട്രോ റെയിലും ഡി.എം.ആർ.സി.-യും തമ്മിലുള്ള കരാർ പ്രകാരം 2014-15 സാമ്പത്തിക വർഷത്തേക്ക് പ്രോജക്ട് തുകയായി 1485.49 കോടി രൂപയും ഡി.എം.ആർ.സി.-യ്ക്ക് പ്രതിഫലത്തുകയായി 61.27 കോടി രൂപയും കൊച്ചി മെട്രോ റെയിലിന്റെ നടത്തിപ്പ് ചെലവിനായി 45.18 കോടി രൂപയും വകയിരുത്തിയിരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇതിൽ 412.25 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതവും ബാക്കി തുക കേന്ദ്ര സർക്കാർ വിഹിതമായും ദീർഘകാല വായ്പയായി കണ്ടെത്തേണ്ടതുമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 412.25 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 123)

5075-60-800-83—മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനചെലവ്—മറ്റുള്ളവ—മറ്റു ചെലവുകൾ—കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി

കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കുന്നതിന് ഈ ശീർഷകത്തിൽ 867.785 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 125)

5075-60-800-70—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനചെലവ്—മറ്റുള്ളവ—മറ്റു ചെലവുകൾ—സബർബൻ റെയിൽ പദ്ധതി

സബർബൻ റെയിൽ പദ്ധതിയുടെ സാദ്ധ്യതാ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിന് 10.99 കോടി രൂപ MRVC-ക്ക് നൽകേണ്ടതിൽ രണ്ടാം ഗഡുവായ 2,39,61,895 രൂപ ഈ ശീർഷകത്തിൽ നിന്നും നൽകിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിന്റെ ബാക്കി തുകയും നോഡൽ ഓഫീസിന്റെ പ്രവർത്തന ചെലവിനും പദ്ധതിയുടെ ചീഫ് കൺസൾട്ടന്റിന്റെ ശമ്പള ഇനത്തിലുമായി തുക വകയിരുത്തേണ്ടത് ആവശ്യമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 7.0838 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 127)

**7053-02-190-99—സിവിൽ ഏവിയേഷനുള്ള വായ്പകൾ—എയർപോർട്ടുകൾ—പൊതു മേഖലയ്ക്കും മറ്റു സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ—തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റിക്കുള്ള വായ്പകൾ**

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിൽ 18.92 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള എൽ. എ. ആർ. കേസുകളിൽ കോടതിയിൽ കെട്ടി വയ്ക്കുന്നതിനും എൽ. എ. എയർപോർട്ട് ഓഫീസിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ഇനത്തിലുമായി ഈ ശീർഷകത്തിൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 250 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 128)

വി. കെ. ഇബ്രാഹിം കുഞ്ഞ്,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി V.*

തിരുവനന്തപുരം,
2015 ജൂൺ 29.